Tony Pearce

അന്ത്യ നാളുകൾക്ക് വെളിച്ചം

ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

വസന്തം 2025

# ഒരുങ്ങിയിരിക്കുക
# ലോകത്തിന്റെ പോക്ക് എങ്ങോട്ട്?




• **വ**ർദ്ധിച്ചു വരുന്ന യുദ്ധവും സംഘർഷവും ലോകത്ത് കൂട്ടനശീകരണത്തിന്റെ ഭീഷണി ഉയർത്തുന്നു. സുരക്ഷിതമല്ലാത്ത, അപകടകരമായ സാഹചര്യങ്ങളിൽ ജനങ്ങൾ ജീവിക്കുന്നു. അതോടൊപ്പം അതിക്രമവും ദുഷ്ടതയും പെരുകിക്കൊണ്ടിരിക്കുന്നു.

• ഏകദേശം 700 ദശലക്ഷം ജനങ്ങൾ ഓരോ ദിവസവും ഭക്ഷണമില്ലാതെ വിശന്നു ജീവിക്കുന്നു. വികസിത രാജ്യങ്ങളിൽപ്പോലും ദാരിദ്ര്യം വർദ്ധിക്കുന്നു. കാരണം, ജനങ്ങൾ വിലക്കയറ്റവും ഭവനരാഹിത്യവും ദുർഭിക്ഷതയും അഭിമുഖീകരിക്കുന്നു. നമുക്ക് ജീവിക്കാൻ ഉതകുന്ന ഒരേയൊരു പരിസ്ഥിതിയെ വർദ്ധിച്ചുവരുന്ന പ്രകൃതി ദുരന്തങ്ങളും മനുഷ്യ നിർമ്മിത ദുരന്തങ്ങളും ഭീഷണിപ്പെടുത്തുന്നു.

• ലോക സാമ്പത്തിക സംവിധാനത്തിലെ അസ്ഥിരത അമേരിക്ക, ബ്രിട്ടൻ, യൂറോപ്യൻ യൂണിയൻ, റഷ്യ, ചൈന പോലുള്ള രാജ്യങ്ങളെ പ്രശ്നത്തിലാക്കുന്നു. വീട്ടാൻ പറ്റാത്ത കടം രാഷ്ട്രങ്ങളെയും വ്യക്തികളെയും ബാധിച്ച് ഭാവിയിൽ സംവിധാനം

## ഉള്ളടക്കം

ഒരുങ്ങുക, ലോകത്തിന്റെ പോക്ക് എങ്ങോട്ട്? ... 1

അമേരിക്കയ്ക്ക് സുവർണ്ണ യുഗമോ അതോ ബാബിലോനിന്റെ വീഴ്ചയോ?........ 8

ഇടർച്ചകൾ ........ 17

കാലത്തിന്റെ അടയാളങ്ങൾ........ 25

അന്തിമ വാക്ക് ........ 31

പൂർണ്ണമായും തകരുമെന്ന ഭീഷണി ഉയർത്തുകയും ചെയ്യുന്നു.

• മൊബൈൽ ഫോണുകളും കമ്പ്യൂട്ടറുകളും, ഇന്റർനെറ്റും, നിർമ്മിത ബുദ്ധിയും അംഗുലി തിരിച്ചറിയൽ സാങ്കേതിക വിദ്യയും നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നു. സാങ്കേതിക വിദഗ്ദ്ധരുടെ സ്വേച്ഛാധിപത്യം വരാനുള്ള സാധ്യതയാണു മുന്നിൽ കാണുന്നത്.

• ധാർമ്മിക മൂല്യങ്ങളും ദൈവവിശ്വാസവും നഷ്ടപ്പെടുന്നതു കാരണം നിരവധി ജനങ്ങൾ ആശയറ്റ, അർത്ഥരഹിതമായ ജീവിതം നയിക്കുന്നു.

ഇതെല്ലാം ജനങ്ങളിൽ ഭാവിയെപ്പറ്റിയുള്ള ഭയം ഉയർത്തുന്നു. 'ലോകം എങ്ങോട്ട് പോകുന്നു എന്ന്' അവർ ചോദിക്കുന്നു.

അതിന്റെ ഉത്തരം ബൈബിളിന്റെ താളുകളിൽ കണ്ടെത്താൻ കഴിയും. ഭൂമിയിലേക്ക് യേശു ക്രിസ്തു രണ്ടാമത് വരുന്നതിന് തൊട്ടു മുൻപ് നടക്കുന്ന കാര്യങ്ങളാണ് അതിൽ പറയുന്നത്. അവിടുത്തെ മടങ്ങി വരവിന് വേണ്ടി ഒരുങ്ങിയിരിക്കാൻ യേശു നമ്മോട് പറഞ്ഞു, പ്രത്യേകിച്ച് ഇപ്പോൾ ഭൂമിയിൽ നടക്കുന്ന സംഭവങ്ങൾ നിങ്ങൾ കാണുമ്പോൾ നാം ജാഗരൂകരാകണം. യേശു പറഞ്ഞു, '***അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ'*** (മത്താ. 24:44).

ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു, ***'അതു എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്തു'*** എന്നും (മത്താ. 24: 3). താൻ ഒരു കൂട്ടം അടയാളങ്ങളെപ്പറ്റി പറഞ്ഞു. ആദ്യം ലോകത്തിൽ പൊതുവെ നടക്കുന്ന അതിക്രമങ്ങളെപ്പറ്റി അവിടുന്നു പറഞ്ഞു — വഞ്ചന, കള്ള പ്രവാചകന്മാർ ജനങ്ങളെ വഴിതെറ്റിക്കുന്നത്, യുദ്ധവും സംഘർഷങ്ങളും, ക്ഷാമങ്ങളും, മഹാമാരികളും, ഭൂകമ്പങ്ങളും ( പ്രകൃതി ദുരന്തങ്ങളും വർദ്ധിക്കുന്നത്) ഒക്കെ ഇതിന്റെ ലക്ഷണങ്ങളാണ്. പീഡനവും നിയമരാഹിത്യവും വർദ്ധിക്കും. മഹാപ്രളയത്തിന് മുൻപ് നോഹയുടെ കാലത്ത് നടന്നത് പോലെ സംഭവിക്കും (അതിക്രമവും ദുഷ്ടതയും). മത്തായി 21:4–14 –ൽ ഈ കാലഘട്ടത്തെ ഈറ്റു നോവിന്റെ ആരംഭമെന്നും അല്ലെങ്കിൽ അന്ത്യകാലത്തിന്റെ പ്രസവവേദന എന്നും വിളിക്കുന്നു.

## ആ കാലയളവ് ഇപ്പോഴാണ്

ഈറ്റുനോവിന്റെ ആരംഭത്തിന്റെ കാലയളവ് 'മഹോപദ്രവം' എന്ന അതികഠിനമായ കഷ്ടതയുടെ ഒരു കാലത്തിലേക്ക് വഴിമാറും. 'ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനി മേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും' മത്താ. 24:21–22. ഇതിന് മുൻപ് സംഭവിച്ചിട്ടില്ലാത്ത ഇനിയും സംഭവിക്കാത്ത കഷ്ടതയുടെ അപൂർവ്വമായ ഒരു കാലയളവ് ആയിരിക്കും അത്. ദൈവം അതിനെ ചുരുക്കാതിരുന്നാൽ അത് ഭൂമിയിൽ ജീവന്റെ അവസാനത്തിന് കാരണമാകും. എബ്രായ പ്രവാചകന്മാരുടെ പുസ്തകങ്ങളിലെ വിവിധ വേദഭാഗങ്ങളിൽ അതിനെപ്പറ്റി വിവരിച്ചിട്ടുണ്ട്, ഉദാഹരണമായി, യെശയ്യാവ് 24, യിരെമ്യാവ് 30, യെഹെസ്കേൽ 38, 39, ദാനിയേൽ 12, യോവേൽ 2–3, സെഖര്യാവു 12–14. ദാനിയേലിന്റെ പുസ്തകത്തിലെയും വെളിപ്പാട് പുസ്തകത്തിലെയും പ്രവചനങ്ങളിൽ നിന്ന് കഷ്ടതയുടെ ഈ കാലം ഏഴു വർഷം നീണ്ടു നിൽക്കുമെന്ന് നമുക്ക് മനസ്സിലാക്കാം. മൂന്നര വർഷം വീതമുള്ള

രണ്ടു ഭാഗങ്ങളായി ഈ കാലയളവിനെ വിഭജിക്കാം. ഇതിൽ, അവസാനത്തെ പകുതി കൊടിയ കഷ്ടതയുടെ കാലമായിരിക്കും.

## ആ കാലം ഇതുവരെ വന്നിട്ടില്ല, എന്നാൽ, ഇന്നത്തെ സംഭവങ്ങൾ അതിനു വേണ്ടി ലോകത്തെ ഒരുക്കുന്നു.

മാനവ ചരിത്രത്തിലെ നിസ്തുലമായ ഒരു സംഭവത്തോടെ കഷ്ടതയുടെ ഈ കാലം അവസാനിക്കും. പഴയ നിയമത്തിൽ അതിനെ കർത്താവിന്റെ ദിവസമെന്നും പുതിയ നിയമത്തിൽ യേശു ക്രിസ്തുവിന്റെ രണ്ടാമത്തെ വരവെന്നും വിളിക്കുന്നു. യെശയ്യാവ് 53-ൽ പ്രവചിച്ചിരിക്കുന്നത് പോലെ കഷ്ടം അനുഭവിക്കുന്ന ദാസനായി ആദ്യം വന്നതുപോലെയല്ല യേശു മടങ്ങിവരുന്നത്. യേശു ആദ്യമായി വന്നപ്പോൾ താൻ ഈ പ്രവചനം നിവർത്തീകരിച്ചു, ലോകത്തിന്റെ പാപത്തിനായി അവിടുന്ന് തന്റെ ജീവൻ യാഗമായി അർപ്പിച്ചു, അനുതാപത്തിലും വിശ്വാസത്തിലും അവങ്കലേക്ക് തിരിയുന്നവർക്ക് പാപമോചനവും നിത്യജീവനും നൽകാൻ ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. രണ്ടാമത്തെ വരവിൽ യേശു ദൈവത്തിന്റെ ശക്തിയോടെ ലോകത്തെ നീതിയിൽ ന്യായം വിധിക്കാനും ഭൂമിയിൽ സമാധാനവും നീതിയും നിറഞ്ഞ മിശിഹാ രാജ്യം സ്ഥാപിക്കാനും വരും. പഴയ നിയമത്തിലെ യെശയ്യാവ് 2, 11 എന്നീ അധ്യായങ്ങളിലെ പ്രവചനങ്ങൾ അങ്ങനെ നിവർത്തിക്കപ്പെടും.

ഭൂമിയിലേക്കുള്ള തന്റെ രണ്ടാമത്തെ വരവിൽ എന്തു സംഭവിക്കുമെന്ന് യേശു വിവരിച്ചിട്ടുണ്ട്: ***'ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുംകൂടെ അയക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതിവരെയും നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും'*** (മത്താ. 24:29-31).

ദൈവത്തോട് മത്സരിക്കുന്ന ലോകത്ത് ഈ സംഭവം ന്യായവിധി കൊണ്ടുവരും:'ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും; ഞങ്ങളുടെ മേൽ വീഴുവിൻ; ***സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ. അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും എന്നു പറഞ്ഞു'*** (വെളി. 6:15-17).

## ലോകം അധർമ്മ മൂർത്തിയുടെ കീഴിൽ

രണ്ടാമത്തെ വരവ് ലോകത്തിലെ അധർമ്മ മൂർത്തിയുടെ വാഴ്ചയ്ക്ക് അവസാനം കൊണ്ടുവരും. ബൈബിൾ അനുസരിച്ച്, ഇന്നത്തെ ലോക സംവിധാനം പിശാചിന്റെ ശക്തിയുടെ കീഴിലാണ്. ഈ ശക്തിയിൽ നിന്നുള്ള സുരക്ഷാസ്ഥാനം കർത്താവുമായുള്ള ബന്ധത്തിലാണ്:

***'നാം ദൈവത്തിൽ നിന്നുള്ളവർ എന്നു നാം അറിയുന്നു. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിട***

*ക്കുന്നു. ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു; നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നേ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു. കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോടു അകന്നു സൂക്ഷിച്ചുകൊൾവിൻ'* (1 യോഹ. 5: 19–21).

യേശുവിലെ എല്ലാ സത്യ വിശ്വാസികളും അമാനുഷികമായി ഭൂമിയിൽ നിന്ന് എടുക്കപ്പെടുന്ന ഒരു ദിവസം വരുമെന്നന്നു സൂചനയുണ്ട്. ആ സമയത്ത് 'ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ ഈ ഭൂമണ്ഡലത്തിന്റെ പുറത്തേക്ക് അവർ എടുക്കപ്പെടും. 1 കൊരിന്ത്യർ 15:42–55 വരെ നാം വായിക്കുന്നത് പോലെ ഈ പുതിയ മണ്ഡലത്തിൽ ജീവിക്കാൻ അവർക്ക് പുനരുത്ഥാന ശരീരങ്ങൾ ആവശ്യമാണ്. *'ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു അമർത്യത്വത്തെയും ധരിക്കേണം. ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു അമർത്യത്വത്തെയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്നു എഴുതിയ വചനം നിവൃത്തിയാകും'.*

ഈ മാറ്റം അനുഭവിക്കുന്നവർ പുതിയ പുനരുത്ഥാന ശരീരം സ്വീകരിക്കും. ആ ശരീരത്തിൽ ദ്രവത്വം (രോഗം, വാർദ്ധക്യം, ക്ഷതം) അല്ലെങ്കിൽ നശ്വരത (മരണം) കാണുകയില്ല. യേശുവിനോടൊത്ത് സ്വർഗ്ഗ മണ്ഡലത്തിൽ നിത്യമായി വാഴാൻ അവർക്കു കഴിയും. ഭൂമിയിൽ വരാനിരിക്കുന്ന കൊടിയ കഷ്ടത്തിന്റെ സാഹചര്യത്തിൽ നിന്ന് സത്യ വിശ്വാസികളെ എടുക്കുന്ന ഏറ്റവും ആശ്ചര്യകരമായ ഒരു അനുഭവമായിരിക്കും ഇത്. എടുക്കപ്പെടാത്തവർ മഹോപദ്രവത്തിന്റെ ഭീകരത അഭിമുഖീകരിക്കും. അതുകൊണ്ട് നിങ്ങൾ ഇപ്പോൾ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കാൻ തീരുമാനം എടുക്കേണ്ടത് പ്രാധാന്യം അർഹിക്കുന്നു.

ഈ സംഭവം, അറിയാത്ത നാഴികയിൽ, കള്ളൻ രാത്രിയിൽ വരുന്നത് പോലെ സംഭവിക്കുമെന്നാണ് മത്തായി 24:36–44 വരെ യേശു പറഞ്ഞത്. *'ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല. നോഹയുടെ കാലം പോലെ തന്നേ മനുഷ്യ പുത്രന്റെ വരവും ആകും ജലപ്രളയത്തിനു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും. അന്നു രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരിക്കല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും, മറ്റവളെ ഉപേക്ഷിക്കും. നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീടു തുരക്കുവാൻ*

***സമ്മതിക്കാതിരിക്കയും ചെയ്യും എന്നു അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ.'***

കള്ളൻ താൻ എപ്പോൾ വരുമെന്ന് നിങ്ങളെ അറിയിച്ചിട്ടല്ല വരുന്നത്. അതുകൊണ്ട് കള്ളൻ ഏതുസമയത്തും വരാമെന്നതു കൊണ്ട് സുബോധമുള്ള ഒരു വ്യക്തി അത്യാവശ്യ മുൻകരുതലുകൾ എടുക്കുന്നു. തന്റേതല്ലാത്ത വസ്തു അതിന്റെ യഥാർത്ഥ ഉടമയിൽ നിന്ന് മോഷ്ടിക്കുന്ന ഒരു വ്യക്തിയെ സൂചിപ്പിക്കാൻ സാധാരണ ഉപയോഗിക്കുന്ന വാക്കാണ് കള്ളൻ. എന്നാൽ, ഇവിടെ കള്ളൻ കർത്താവായ യേശുവിനെ പ്രതിനിധീകരിക്കുന്നു. തനിക്കുള്ളവരെ തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തെ ചേർക്കാൻ അവിടുന്ന് വരുന്നു. വഞ്ചനയും ചതിയും കൊണ്ട് 'ഈ ലോകത്തിന്റെ അധിപതിയായ' പിശാചിൽ നിന്ന് അധികാരം പിടിച്ചെടുക്കുന്നതിന്റെ പൂർവ്വരംഗമാണ് ഇത്.

ഭൂമിയിലേക്കുള്ള യേശുവിന്റെ രണ്ടാമത്തെ വരവിൽ പിശാചിൽ നിന്ന് ലോകത്തിന്റെ അധികാരം താൻ തിരിച്ചെടുക്കും. അതിനുശേഷം അവിടുന്നു ദൈവത്തിന്റെ രാജ്യം സ്ഥാപിക്കും, ആദ്യം ഭൂമിയിൽ ആയിരം വർഷത്തെ സഹസ്രാബ്ദ വാഴ്ചയും (മശിഹാ രാജ്യം), അതിനുശേഷം നിത്യതയിൽ പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും അവിടുന്നു വാഴും ( വെളി. 20-21, യെശ. 2:1-4, യെശ. 11-12, സെഖ. 14 എന്നിവയും ബൈബിളിലെ മറ്റു വേദഭാഗങ്ങളും കാണുക).

നോഹയുടെ കാലത്ത്, കാര്യങ്ങൾ സാധാരണഗതിയിൽ പോകുന്ന സമയത്ത് അവിശ്വസിക്കുന്നവരുടെ മേൽ പ്രളയം വന്നതു പോലെ ഉൽപ്രാപണം അപ്രതീക്ഷിതമായി നടക്കും. തിന്നുക, കുടിക്കുക, വിവാഹം കഴിക്കുക, വിൽക്കുക, വാങ്ങുക തുടങ്ങിയ സാധാരണ പ്രവൃത്തികൾ ജനങ്ങൾ ചെയ്തുകൊണ്ടിരിക്കും. ലൂക്കൊസ് 17:26-30 വരെ കാണുക. ജനങ്ങൾ പ്രതീക്ഷിക്കാത്ത സമയത്തായിരിക്കും അത് സംഭവിക്കുക.

ഈ വചനങ്ങൾ അക്ഷരീകമായി എടുക്കുന്നവരുടെ ഇടയിൽ ഉൽപ്രാപണം, മഹോപദ്രവ കാലത്തിന് മുൻപ് (പൂർവ്വ മഹോപദ്രവ വീക്ഷണം, മധ്യത്തിൽ അല്ലെങ്കിൽ അവസാനം (മഹോപദ്രവ ശേഷ വാദം, മധ്യവാദം) നടക്കുമെന്ന് ഒരു തർക്കമുണ്ട്. മഹോപദ്രവത്തിന് മുൻപാണ് ഉൽപ്രാപണം നടക്കുന്നതെങ്കിൽ അത് ഏതു സമയത്തും നടക്കുമെന്നുള്ളതുകൊണ്ട് നാം ഒരുങ്ങിയിരിക്കുക. യേശുവിനെ മശിഹയായും രക്ഷകനായും സ്വീകരിക്കുന്നതിലൂടെ അത് ചെയ്യാൻ മറ്റുള്ളവരോട് പറയുന്നതിലൂടെ നാം അതിനു വേണ്ടി തയ്യാറായിരിക്കണം. അത് മഹോപദ്രവത്തിന്റെ മധ്യത്തിലോ അവസാനത്തിലോ നടക്കുന്നതെങ്കിൽ ഇതുവരെ കാണാത്ത ഒരിക്കലും ആവർത്തിക്കാത്ത വലിയ കഷ്ടതയുടെ സമയത്തിനായി നാം ഒരുങ്ങണം (മത്താ. 24:21).

പൂർവ്വ മഹോപദ്രവ വീക്ഷണത്തിൽ വിശ്വസിക്കാൻ നിരവധി കാരണങ്ങൾ ഉണ്ടെന്ന് വ്യക്തിപരമായി ഞാൻ വിശ്വസിക്കുന്നു — മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഉൽപ്രാപണം എപ്പോൾ വേണമെങ്കിലും സംഭവിക്കാം. അതുകൊണ്ട് നാം അതിനു വേണ്ടി തയ്യാറാവുക. അതേ സമയം ആ സംഭവം ഇതുവരെ നടന്നില്ലാത്തതുകൊണ്ട് ആ പ്രവചനം കൃത്യമായി എപ്പോൾ സംഭവിക്കുമെന്ന് നമുക്ക് താത്ത്വികമായി പറയാൻ കഴിയില്ല. പൂർവ്വ മഹോപദ്രവ വീക്ഷണ പ്രകാരം നടക്കുന്ന സംഭവങ്ങളുടെ ക്രമം താഴെക്കൊടുക്കുന്നു:

1. ലോകത്തെ ഇന്നത്തെ അവസ്ഥ 'ഈറ്റുനോവിന്റെ ആരംഭത്തെ' കാണി

ക്കുന്നു. അത് മഹോപദ്രവത്തിലേക്ക് നയിക്കുന്നു (മത്താ. 24:4-14).

2. ഈ കാലയളവിൽ സഭയുടെ ഉൽപ്രാപണം സംഭവിക്കും. അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം. അതുകൊണ്ടു നാം അതിനുവേണ്ടി തയ്യാറാവുക. പ്രസക്തമായ വേദഭാഗങ്ങൾ 1 തെസ്സ. 4: 13 - 5: 11, 2 തെസ്സ. 2:1-12, 1 കൊരി. 15: 51-58, മത്താ. 24:36-44, ലൂക്കൊ. 17: 20-37.

3. 'ഈറ്റുനോവിന്റെ' സമയത്തിന് ശേഷം മഹോപദ്രവം ഉണ്ടാകും. ഈ ഏഴു വർഷ കാലയളവിൽ എതിർ ക്രിസ്തു പിശാചിന്റെ സ്വാധീനശക്തി കൊണ്ട് ഭൂമിയെ ഭരിക്കും. 2 തെസ്സ. 2: 1-12, വെളി. 13, 17, യാക്കോബിന്റെ കഷ്ട കാലത്തിൽ (യിരെ. 30) യിസ്രായേലിനും യെഹൂദ ജനതയ്ക്കും മേൽ പ്രത്യേകമായി അത് ശ്രദ്ധ കേന്ദ്രീകരിക്കും. ദൈവം അവരെ അതിൽ നിന്ന് രക്ഷിക്കും.

4. യേശു അധികാരത്തിലും മഹിമയിലും മടങ്ങിവന്ന് പിശാചിന്റെ അധികാരത്തെ നശിപ്പിച്ച് അന്ത്യയുദ്ധത്തിൽ യിസ്രായേലിനെ രക്ഷിക്കും. മൃഗത്തെയും / എതിർ ക്രിസ്തുവിനെയും കള്ള പ്രവാചകനെയും നരകത്തിൽ എറിയും. പിശാചിനെ അഗാധകൂപത്തിൽ ബന്ധിക്കും (വെളി. 19-20).

5. യേശു കർത്താവായി ആയിരം വർഷം ഭൂമിയിൽ വാഴും (സഹസ്രാബ്ദ വാഴ്ച അല്ലെങ്കിൽ മശിഹാരാജ്യം). അവിടുന്നു ഭൂമിയിൽ സമാധാനവും ശാന്തിയും കൊണ്ടുവരും. ആ സമയത്ത് രാഷ്ട്രങ്ങളെ വഞ്ചിക്കാൻ സാത്താന് കഴിയാതെ വരും. യെരൂശലേമും വിശുദ്ധ മന്ദിരവും യിസ്രായേലും ഭൂമിയുടെ മധ്യത്തിൽ പുനഃസ്ഥാപിക്കപ്പെടും. അത് മശിഹാ വാഴ്ചയുടെ അധികാരകേന്ദ്രമാകും (വെളി. 20, യെശ. 11, സെഖ. 14.

6. അവസാനത്തെ യുദ്ധത്തിനു വേണ്ടി ആയിരം വർഷം കഴിഞ്ഞ് സാത്താനെ അഴിച്ചു വിടും. അവസാനം അവൻ പരാജയപ്പെടുകയും നരകത്തിൽ ഏറിയപ്പെടുകയും ചെയ്യും, (വെളി. 20: 7-10). വെള്ള സിംഹാസനത്തിന്റെ മുൻപിൽ ന്യായവിധി നടക്കും. കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ (മശിഹായിൽ ഉള്ള വീണ്ടെടുക്കപ്പെട്ട വിശ്വാസികൾ) പേരെഴുതി കാണാത്ത എല്ലാവരെയും നരകത്തിൽ എറിഞ്ഞു കളയും (വെളി. 20: 11-15).

7. ദൈവം പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കും. അതിൽ സത്യ വിശ്വാസികൾ കർത്താവിനോടൊത്ത് ശാശ്വതമായി വസിക്കും (2 പത്രൊ. 3, വെളി. 21-22).

മഹോപദ്രവ കാലത്തിന്റെ അവസാനമാണ് ഉൽപ്രാപണം സംഭവിക്കുന്നതെങ്കിൽ ഈ പട്ടികയിലെ മൂന്നാമത്തെ സംഭവം (മഹോപദ്രവ കാലം) രണ്ടാമതും അതിനുശേഷം രണ്ടാമത്തെ സംഭവവും (സഭയുടെ ഉത്പ്രാപണം) നടക്കും.

അത് എങ്ങനെ സംഭവിച്ചാലും യേശു മശിഹാ മുഖാന്തരം വരുന്ന രക്ഷ സ്വീകരിക്കുന്നതിലൂടെ നാം തന്റെ മടങ്ങിവരവിന് വേണ്ടി ഒരുങ്ങിയിരിക്കുക. അങ്ങനെ ചെയ്യുന്നവരെ ലോകത്തിന്റെ വെളിച്ചം ഇന്നത്തെ അന്ധകാര ലോകത്തിൽ വഴി നടത്തും. യേശു അന്ത്യകാലത്തിലെ വെളിച്ചമാണ്:

***"ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും'*** (യോഹ. 8:12).

***'സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്കു എടുത്തുകൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം ആകും. അവരിൽ അഞ്ചു പേർ ബുദ്ധിയില്ലാത്തവരും അഞ്ചു***



***പേർ ബുദ്ധിയുള്ളവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്കു എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു. പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കംപിടിച്ചു ഉറങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്നു ആർപ്പുവിളി ഉണ്ടായി. അപ്പോൾ കന്യകമാർ എല്ലാവരും എഴുന്നേറ്റു വിളക്കു തെളിയിച്ചു. എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോടു: ഞങ്ങളുടെ വിളക്കു കെട്ടുപോകുന്നതു കൊണ്ടു നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുവിൻ എന്നു പറഞ്ഞു. ബുദ്ധിയുള്ളവർ: ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വില്ക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവിൻ എന്നു ഉത്തരം പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യക്കു ചെന്നു; വാതിൽ അടെക്കയും ചെയ്തു.***

***അതിന്റെ ശേഷം മറ്റെ കന്യകമാരും വന്നു: കർത്താവേ, കർത്താവേ ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞു. അതിനു അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ.'*** (മത്താ.25:1-13).

ഈ ഉപമയിൽ മണവാളൻ, രണ്ടാമത് വരുന്ന കർത്താവായ യേശുവാണ്. വിളക്കിൽ എണ്ണയെടുത്തവർ ജീവിതത്തിൽ പരിശുദ്ധാത്മാവ് ഉള്ള വിശ്വാസികളെ പ്രതിനിധീകരിക്കുന്നു. അതുകൊണ്ട് അവർ കർത്താവിനെ സന്ധിക്കാൻ ഒരുങ്ങിയിരിക്കുന്നു (ബൈബിളിൽ എണ്ണ പരിശുദ്ധാത്മാവിന്റെ അടയാളമാണ്).

എണ്ണയില്ലാത്തവർ രക്ഷിക്കപ്പെട്ട വിശ്വാസികൾ അല്ല. അവർ ഒരു പക്ഷെ നാമധേയ ക്രൈസ്തവർ ആയിരിക്കും. കർത്താവ് മടങ്ങിവരുമ്പോൾ പുറത്ത് അടഞ്ഞുപോയ വാതിലിൽ മുട്ടുന്നവരായി അവരെ കാണും. വരുവാനുള്ള രാജ്യത്തിന്റെ സന്തോഷത്തിൽ പ്രവേശിക്കാൻ അവർക്ക് ആകില്ല. അടഞ്ഞുപോയ വാതിലിൽ മുട്ടിക്കൊണ്ടിരിക്കാൻ നിങ്ങൾക്ക് ആഗ്രഹമില്ല. അതുകൊണ്ട് ഇപ്പോൾ തുറന്നു കിടക്കുന്ന വാതിലൂടെ കർത്താവിന്റെ സാന്നിധ്യത്തിലേക്ക് ചെല്ലുക:

'യേശു പിന്നെയും അവരോടു പറഞ്ഞതു: ***"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ആടുകളുടെ വാതിൽ ഞാൻ ആകുന്നു. എനിക്കു മുമ്പെ വന്നവർ ഒക്കെയും കള്ളന്മാരും കവർച്ചക്കാരും അത്രേ; ആടുകളോ അവരുടെ വാക്കു കേട്ടില്ല. ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തു വരികയും പുറത്തു പോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും. മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു'*** (യോഹ. 10:7-10). ✱

# അമേരിക്കയ്ക്ക് സുവർണ്ണയുഗമോ, അതോ ബാബിലോന്റെ വീഴ്ചയോ?




ജനുവരി 20-ന് നടന്ന ഉദ്ഘാടന പ്രസംഗത്തിൽ അമേരിക്കയുടെ നാല്പത്തി ഏഴാമാത്തെ പ്രസിഡന്റ് ഡോണാൾഡ് ട്രമ്പ് പറഞ്ഞു, 'അമേരിക്കയുടെ സുവർണ്ണകാലം ഇപ്പോൾ ആരംഭിക്കുന്നു. ഈ ദിവസം മുതൽ നമ്മുടെ രാജ്യം വിപുലപ്പെടും, വീണ്ടും അത് ലോകത്തിലെമ്പാടും ആദരിക്കപ്പെടും. ഓരോ രാജ്യവും നമ്മെ അസൂയയോടെ നോക്കും. മുമ്പത്തേക്കാൾ അധികമായി ഉടനെ അമേരിക്ക മഹത്തരവും ശക്തവും വളരെ അസാധാരണവും ആയി മാറും. ആത്മവിശ്വാസത്തോടും ശുഭാപ്തി വിശ്വാസത്തോടും ഞാൻ പ്രസിഡന്റായി മടങ്ങി വരികയാണ്. ദേശീയ വിജയത്തിന്റെ ത്രസിപ്പിക്കുന്ന പുതു യുഗത്തിന്റെ തുടക്കത്തിലാണ് നാം. മാറ്റത്തിന്റെ കാറ്റ് രാജ്യത്താകമാനം വീശുകയാണ്. ലോകം മുഴുവൻ സൂര്യപ്രകാശം ചൊരിയുകയാണ്. മുമ്പെങ്ങും ഇല്ലാത്ത വിധം ഈ അവസരം മുതലാക്കാൻ അമേരിക്കയ്ക്ക് സാധ്യത വന്നിരിക്കുന്നു.'

**അതുകൊണ്ട്, ഇത് അമേരിക്കയുടെ പൊൻപുലരിയോ, അതോ ബാബിലോൻ വീഴുമോ?**

ട്രമ്പ് അധികാരം ഏൽക്കുന്നതിന് മുൻപ് രാജ്യം വലിയ പ്രശ്നത്തിലായിരുന്നു, വ്യാപകമായ കുറ്റകൃത്യങ്ങളും അതിക്രമവും, പ്രത്യേകിച്ച് ബൈബിൾ അധിഷ്ഠിത മൂല്യങ്ങൾക്ക് മേലുള്ള ആക്രമണവും തകൃതിയായി നടന്നുകൊണ്ടിരുന്നു. വിവാഹത്തെപ്പറ്റിയും കുടുംബ ജീവിതത്തെപ്പറ്റിയുമുള്ള ബൈബിൾ ഉപദേശങ്ങൾക്ക് പകരം ലൈംഗിക അധാർമ്മികതയും സ്വവർഗ്ഗ അനുരാഗികളുടെ അവകാശങ്ങളും വന്നു. ക്രൈസ്തവ വിശ്വാസത്തിനു പകരം ബഹുവിശ്വാസ മതവും മാനവികതയും നവയുഗ ആഭിചാരക്രിയകളും വന്നു. ദേശഭക്തിയ്ക്ക് പകരം വെള്ളക്കാർ തെറ്റുകാരെന്നുള്ള (white guilt) അവബോധം വന്നു. പുരോഗമന ചിന്താഗതിക്കാരായ വരേണ്യ വർഗ്ഗം അമേരിക്കയുടെ ചരിത്രത്തെയും മൂല്യങ്ങളെയും തുടർച്ചയായി അപകീർത്തിപ്പെടുത്തി. കഴിവിന്റെ അടിസ്ഥാനത്തിലല്ല, വർഗ്ഗ, ലൈംഗിക താദാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ കൊടുക്കുന്ന സാഹചര്യം നാനാത്വ പരിപാടി സൃഷ്ടിച്ചു. വലിയ തോതിലുള്ള നിയന്ത്രണാതീതമായ കുടിയേറ്റം സാമൂഹിക സ്ഥിരതയ്ക്ക് ഭീഷണി ഉയർത്തി. മയക്കുമരുന്ന് ഉപയോഗവും ഭവനരാഹിത്യവും താറുമാറായ ക്രമസമാധാന വ്യവസ്ഥയും വലിയ നഗരങ്ങളിൽ അശാന്തിയുടെയും അക്രമത്തിന്റെയും അപകടകരമായ സാഹചര്യം സൃഷ്ടിച്ചു.

ബ്രിട്ടനിലും യൂറോപ്പിലും ഒന്നുകിൽ വലിയ രീതിയിൽ അല്ലെങ്കിൽ ചെറിയ രീതിയിൽ സമാനമായ സാഹചര്യമാണ്. എന്നാൽ, ഈ പ്രവണതയെ വെല്ലുവിളിക്കാനും പഴയ പടിയിലാക്കാനും അമേരിക്കയിൽ മാത്രം ഒരു

രാഷ്ട്രീയ ശക്തി ഉദയം ചെയ്തിരിക്കുന്നു. പ്രസിഡന്റ് ട്രമ്പിന്റെ വീണ്ടും അമേരിക്കയെ മഹത്തരമാക്കുക എന്ന ലക്ഷ്യത്തിന് ജനങ്ങളിൽ നിന്ന് വ്യാപകമായ പിന്തുണ ലഭിച്ചു. പുരുഷന്മാരായി ജനിച്ചവർ വനിതകളുടെ കായിക മത്സരങ്ങളിൽ പങ്കെടുക്കുക, കുട്ടികളെ സ്കൂളുകളിൽ സ്വവർഗ്ഗ ലൈംഗിക, ഭിന്നലിംഗ പ്രചരണത്തിന് വിധേയരാക്കുക എന്നിങ്ങനെ പരിഹാസ്യമായ കാര്യങ്ങൾ തങ്ങളുടെ മേൽ അടിച്ചേലിപ്പിച്ചതുകൊണ്ട് ജനങ്ങൾ മനം മടുത്തിരിക്കുകയായിരുന്നു.

ട്രമ്പിനെ പിന്തുണയ്ക്കുന്നവർ അദ്ദേഹം അമേരിക്കയെ രക്ഷിക്കുമെന്ന് വിശ്വസിക്കുന്നു. ട്രമ്പിനെ എതിർക്കുന്നവർ അദ്ദേഹം അമേരിക്കയെ നശിപ്പിക്കുമെന്ന് പറയുന്നു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് ഇത്. ഈ മാസിക വിതരണം ചെയ്യപ്പെടുമ്പോഴേക്കും ഞാൻ ഇവിടെ എഴുതിയത് കാലഹരണപ്പെട്ടിരിക്കാം. 2025 മാർച്ച് മാസത്തിന്റെ മധ്യത്തിൽ അറ്റ്ലാന്റിക്കിന് അപ്പുറത്തു നിന്നുള്ള എന്റെ വീക്ഷണമാണ് ഇത്.

ഈ ലോകത്തിന്റെ ദൈവവും (പിശാച്) സത്യ ദൈവവും തമ്മിൽ ഒരു ആത്മീയ യുദ്ധം ഒരു തലത്തിൽ നാം കാണുന്നു. മറ്റൊരു തലത്തിൽ, ജർമൻ തത്വ ചിന്തകനായ ഹെഗലിന്റെ 'വൈരുദ്ധ്യാത്മക' വാദത്തിന്റെയും, സങ്കല്പം, പ്രതിസങ്കല്പം, സമന്വയ സിദ്ധാന്തം എന്നിവയുടെ മനോഹരമായ ഉദാഹരണമാണിത്. താഴെക്കൊടുത്തിരിക്കുന്ന രേഖാചിത്രത്തിൽ അത് വിശദീകരിച്ചിരിക്കുന്നു.

ഈ ചിന്താശൈലിയിൽ നിങ്ങൾക്ക് സങ്കല്പം (ആശയം, ഫോഴ്സ് എ) ഉണ്ട്. അതിനെ പ്രതിസങ്കല്പം (ആശയം ഫോഴ്സ് ബി) വെല്ലുവിളിക്കുന്നു. രണ്ടിന്റെയും സംഘർഷത്തിന്റെ ഫലമായി സമന്വയം (ആശയം, ഫോഴ്സ് സി) വരുന്നു. മാർക്സിന്റെ

**യുക്തിവാദപരം**

**സങ്കല്പം** ——— **പ്രതിസങ്കല്പം**

**സമന്വയം**

**പുതിയ സങ്കല്പമാവുന്നു**

അനുയായികൾ ഈ ആശയം എടുത്ത് 'വൈരുദ്ധ്യാത്മക ഭൗതികവാദം' എന്ന സിദ്ധാന്തം വികസിപ്പിച്ചു. ഈ ചിന്താരീതിയനുസരിച്ച് സങ്കല്പം (ആശയം, ഫോഴ്സ് എ) - മുതലാളിത്തം / ഫാക്ടറി, ഭൂ ഉടമകൾ ആണ്. അവർ പ്രതിസങ്കല്പവുമായി (ആശയം, ഫോഴ്സ് ബി) - സോഷ്യലിസം, തൊഴിലാളികൾ, കർഷകർ, സംഘർഷത്തിലാണ്. ഈ സംഘർഷത്തിൽ നിന്ന് സമന്വയം, ഫോഴ്സ് സി ഉടലെടുക്കുന്നു, അതാണ് കമ്മ്യൂണിസ്റ്റ് സമൂഹം. തൊഴിലാളികളും കർഷകരും വിപ്ലവം സൃഷ്ടിച്ച്, മുതലാളിത്തത്തെ തൂത്തെറിഞ്ഞ് കമ്മ്യൂണിസ്റ്റ് സമൂഹം ഉണ്ടാക്കുന്നു. ഉത്പാദന മാർഗ്ഗങ്ങളുടെ പൊതു ഉടമസ്ഥാവകാശവും സാമൂഹിക സമത്വവും അടിച്ചമർത്തലിൽ നിന്ന് സ്വാതന്ത്ര്യവും അതിലുണ്ട്. 'ഓരോരുത്തരും അവരവരുടെ പ്രാപ്തിയ്ക്കും ആവശ്യത്തിനും അനുസരിച്ച് ജീവിക്കുക' എന്ന സിദ്ധാന്തത്തിനനുസരിച്ച് ഈ സമൂഹത്തിൽ ആളുകൾ ജീവിക്കുന്നു.

മനുഷ്യ സ്വഭാവത്തിലെ പാപ സിദ്ധാന്തം മൂലം അത് പ്രായോഗികമല്ല. 'തൊഴിലാളി വർഗ്ഗ സ്വേച്ഛാധിപത്യത്തിന്' പകരം കമ്മ്യൂണിസ്റ്റുകൾ തൊഴിലാളികൾക്കും കർഷകർക്കും മേൽ 'പാർട്ടിയുടെ സ്വേച്ഛാധിപത്യം' അടിച്ചേൽപ്പിച്ചു.

ഇടതു പക്ഷത്തിന്റെ ആഗോളവാദ പരിപാടിയുടെ വർധിച്ചു വരുന്ന സ്വാധീനത്തോടുള്ള പ്രതികരണമായി അമേരിക്കയിൽ ട്രമ്പ് അധികാരം ഏറ്റെ

ടുത്തതിനെ കാണണം. 2023-ൽ ഞാൻ എഴുതിയ 'ആഗോള സർക്കാർ ചക്രവാളത്തിൽ' എന്ന ലേഖനത്തിൽ അത് സൂചിപ്പിച്ചിട്ടുണ്ട് (ആവശ്യപ്പെടുന്നവർക്ക് ലഭ്യമാണ്). അന്താരാഷ്ട്ര തലത്തിൽ ഐക്യരാഷ്ട്ര സഭയുടെ പരിപാടി 30, ലോക സാമ്പത്തിക സമിതിയുടെ മഹാപുനഃക്രമം എന്നിവ അതുമായി ബന്ധപ്പെട്ടിരിക്കുന്നു. കാലാവസ്ഥാ മാറ്റ ഉടമ്പടികൾ, ഐക്യരാഷ്ട്ര സഭയുടെ കുടിയേറ്റ ഉടമ്പടി, ലോക ആരോഗ്യ സംഘടനയുടെ പകർച്ചവ്യാധി ഉടമ്പടി തുടങ്ങിയ അന്താരാഷ്ട്ര കരാറുകൾ വഴി രാജ്യങ്ങളെ വരുതിയിൽ നിർത്താൻ ഇക്കൂട്ടർ ശ്രമിക്കുന്നു. കൂടാതെ മനുഷ്യരെ നിയന്ത്രിക്കാൻ സാങ്കേതിക വിദ്യയെ ഉപയോഗിക്കാൻ അവർ ആഗ്രഹിക്കുന്നു.. മൃഗത്തിന്റെ അടയാളത്തെപ്പറ്റിയുള്ള ബൈബിൾ പ്രവചനവുമായി ഒത്തു പോകുന്ന സങ്കേതങ്ങൾ ഉപയോഗിക്കാൻ അവർ ആഗ്രഹിക്കുന്നു. വിൽക്കാനും വാങ്ങാനുമുള്ള ജനങ്ങളുടെ പ്രാപ്തിയെ ഇത് നിയന്ത്രിക്കും. അതുകൊണ്ട് അവ സമൂഹത്തിന്റെ ഉള്ളിൽ പ്രവർത്തിക്കും (വെളി. 13:15-18 കാണുക).

സങ്കല്പവും പ്രതിസങ്കല്പവും തമ്മിലുള്ള പോരാട്ടത്തിലൂടെ പുതിയ സമന്വയത്തിലേക്ക് നയിക്കുന്ന വൈരുദ്ധ്യാത്മക പ്രക്രിയയുടെ പുതിയ ആഖ്യാനത്തിലൂടെ ഇതിനെ ഇല്ലാതാക്കാൻ MAGA റിപ്പബ്ലിക്കന്മാർ ആഗ്രഹിക്കുന്നു. സങ്കല്പം (ഫോഴ്സ് എ) ഈ ചാർട്ടിന്റെ ഇടതു വശത്തും പ്രതിസങ്കല്പം (ഫോഴ്സ് ബി) വലതു വശത്തുമാണ്.

ഇടത് വശത്തുള്ള വീക്ഷണങ്ങൾ പിന്തുണയ്ക്കുന്ന ഇടതു അനുകൂല അജണ്ടയുടെ പ്രതിസങ്കല്പമാണ് ട്രമ്പ് (അവസാനത്തെ വിഷയമായ സാങ്കേതിക വിദ്യ ഒഴികെ). ഈ പട്ടികയുടെ വലതു വശത്തുള്ള വീക്ഷണങ്ങളെ യു എസ് എയിലെ നിരവധി സുവിശേഷവിഹിത ക്രൈസ്തവരാണ് പിന്തുണയ്ക്കുന്നത്. അതുകൊണ്ട് അവർ ട്രമ്പിന്റെ നയങ്ങളെ പിന്തുണയ്ക്കുന്നു. എന്നാൽ, ഇടത് വലത് സംഘർഷത്തിൽ നിന്ന് ഉത്ഭവിക്കുന്ന സമന്വയം ഒരു മികച്ച അല്ലെങ്കിൽ മോശമായ സമൂഹത്തെ സൃഷ്ടിക്കുമോ? ക്രൈസ്തവ വിശ്വാസവുമായി അത് യോജിച്ച് പോകുമോ അതോ അത് എതിർ ക്രിസ്തുവിന്റെ പക്ഷത്തായിരിക്കുമോ?

ട്രമ്പ് ക്രൈസ്തവ വിശ്വാസത്തിന് പ്രാമുഖ്യമുള്ള പുതിയ ലോകക്രമം കൊണ്ടുവരുമെന്ന് തെരഞ്ഞെടുപ്പിന് മുൻപ് ക്രിസ്തീയ നേതാക്കന്മാർ പ്രവചിക്കുന്നുണ്ടായിരുന്നു. എൻ ബി സി ന്യൂസിലെ ഒരു ലേഖനം ഈ പ്രസ്ഥാനത്തിലെ പ്രമുഖരെ ഉദ്ധരിച്ചു പറഞ്ഞത്, അമേരിക്കയെ തികഞ്ഞ ഒരു ക്രിസ്തീയ രാജ്യമായി പുനർ നിർമ്മിക്കുമെന്നാണ്. പ്രവചന നിവർത്തിയായും 'ലോകത്തെ ക്രിസ്തീയ ആധിപത്യത്തിന്റെ' പുതിയ യുഗത്തിലേക്ക് നയിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ പുതിയ ചുവട് വയ്പ്പായും അവർ ട്രമ്പിന്റെ വിജയത്തെ ആഘോഷിച്ചു. സ്വയം പ്രഖ്യാപിത അപ്പൊസ്തലനായ ഡച്ച് ഷീറ്റ്സ്, ട്രമ്പിന്റെ വിജയത്തെ 'മൂന്നാമത്തെ മഹത്തായ ഉണർവ്വെന്ന്' വിളിച്ചു. മൗലികമായ ക്രിസ്തീയ വിശ്വാസത്തിന്റെ ഒരു ആഗോള ഉണർവ്വ് നടക്കുമെന്ന് അദ്ദേഹവും മറ്റു വിശ്വാസികളും പറയുന്നു.

വൈറ്റ് ഹൗസിലെ ആത്മീയ ഉപദേഷ്ടാവായി പോളാ വൈറ്റിനെ ട്രമ്പ് നിയമിച്ചു. രണ്ടു പ്രാവശ്യം വിവാഹ മോചനം നേടിയ ഈ ടെലിവിഷൻ സുവിശേഷിക വിവാദ വ്യക്തിത്വമാണ്. അവർ അഭിവൃദ്ധി (prosperity) സുവിശേഷത്തിന്റെ വക്താവാണ്. പോളാ വൈറ്റിനെപ്പോലുള്ള പ്രസംഗകാർക്ക് പണം കൊടുക്കുന്നതിനനുസരിച്ച് ദൈവം വിശ്വാസികളെ ഭൗതിക

മായി അനുഗ്രഹിക്കുമെന്ന വിശ്വാസമാണ് അഭിവൃദ്ധിയുടെ സുവിശേഷം. 'പ്രസിഡന്റ് ട്രമ്പിനോട് 'സാദ്ധ്യമല്ല' എന്നു പറയുന്നത് ദൈവത്തോട് 'പറ്റുകയില്ല' എന്നു പറയുന്നതിന് തുല്യമാണെന്ന്' പോളാ വൈറ്റ് നേരത്തെ പറഞ്ഞിട്ടുണ്ടായിരുന്നു.

ഈ രീതിയിലുള്ള പ്രസംഗം ഡോണൾഡ് ട്രമ്പിനെ സന്തോഷിപ്പിക്കുന്നു. എന്നാൽ, പോളാ വൈറ്റ് പ്രസംഗിക്കുന്ന അഭിവൃദ്ധിയുടെ സുവിശേഷം ദുരുപദേശമാണ്. യേശു ക്രിസ്തു മടങ്ങിവരുന്നതിന് മുൻപ് ക്രിസ്തീയ ലോകത്ത് വലിയ ഉണർവ്വ് നടക്കുമെന്ന ആശയം ഒരു വിഭ്രാന്തിയാണ്. യേശുവിന്റെ മടങ്ങിവരവിന് മുൻപ് എന്തു നടക്കുമെന്ന ബൈബിൾ പ്രവചനങ്ങൾക്ക് വിരുദ്ധമാണ് ഈ വിഭ്രാന്തി. യേശു ക്രിസ്തുവിന്റെ മടങ്ങിവരവിന് തൊട്ടു മുൻപ് എതിർ ക്രിസ്തു അധികാരം ഏറ്റെടുക്കുമെന്ന് വെളിപ്പാട് 13 പോലുള്ള പ്രവചനങ്ങൾ പറയുന്നു. യേശു ക്രിസ്തു മടങ്ങിവരുമ്പോൾ മാത്രമേ ലോക രാജ്യങ്ങൾ, നമ്മുടെ ദൈവത്തിന്റെ രാജ്യവും അവിടുത്തെ ക്രിസ്തുവിന്റെ / മശിഹായുടെ രാജ്യവും ആവുകയുള്ളൂ, വെളിപ്പാട് 11:15. ഈ യുഗത്തിന്റെ അവസാന നാളുകളിൽ സാത്താന്റെ വ്യാപാര ശക്തിയോടെ അധർമ്മ മൂർത്തിയുടെ വരവ് നമുക്ക് പ്രതീക്ഷിക്കാം. 2 തെസ്സ. 2-ലെ കൊടിയ വഞ്ചനയുടെ സ്വാധീനത്തിൽ അവൻ ആളുകളെ വഴിതെറ്റിക്കും.

യുക്രൈനിൽ യുദ്ധം അവസാനിപ്പിക്കാൻ ട്രമ്പ് വലിയ ചുവട് വയ്പ്പ് എടുത്തു. കൊലപാതകം അവസാനിപ്പിക്കാൻ പെട്ടെന്നുള്ള നടപടി ആവശ്യമാണെന്ന് താൻ ആഗ്രഹിക്കുന്നുവെന്ന് ട്രമ്പ് പറയുന്നു. ഇത് അതിൽ തന്നെ നല്ല ഒരു ഉദ്ദേശ്യം ആണെങ്കിലും, അദ്ദേഹം ഇതുവരെ ചെയ്തതെല്ലാം റഷ്യയ്ക്ക് പ്രയോജനകരമായി ഭവിച്ചു. താൻ പുട്ടിന്റെ സുഹൃത്താണെന്നും അദ്ദേഹത്തെ വിശ്വസിക്കുന്നുവെന്നും സമാധാനം ആവശ്യമാണെന്നും ട്രമ്പ് പറയുന്നു. യുക്രൈനാണ് യുദ്ധം ആരംഭിച്ചതെന്ന പുട്ടിന്റെ പ്രചാരണം ട്രമ്പ് ആവർത്തിച്ചു. സെല്ൻസ്കിയെ ട്രമ്പ് ഒരു ഏകാധിപതിയായി കണ്ട് അപലപിക്കുന്നു. ഫെബ്രുവരി 28-ന് വൈറ്റ് ഹൗസിൽ നടന്ന പരാജയപ്പെട്ട യോഗത്തിൽ ട്രമ്പ്, സെല്ൻസ്കിയെ അപമാനിച്ചുവിട്ടു. 2022-ലെ റഷ്യയുടെ യുക്രൈൻ ആക്രമണത്തിന് എതിരായുള്ള ഐക്യരാഷ്ട്ര പ്രമേയത്തിന് എതിരെ, റഷ്യയ്ക്കും ഇറാനും, നോർത്ത് കൊറിയയ്ക്കും ഒപ്പം അദ്ദേഹം വോട്ടു ചെയ്തു. അതിനുശേഷം, അദ്ദേഹം യുക്രൈനുള്ള ആയുധ കയറ്റുമതി നിർത്തിവച്ചു. അമേരിക്കൻ രഹസ്യാന്വേഷണ വിഭാഗം നൽകിക്കൊണ്ടിരുന്ന സേവനം നിർത്തിവച്ചു. എല്ലാ ദിവസവും റഷ്യ അയക്കുന്ന മിസൈലുകളും ആളില്ലാവിമാനങ്ങളും തടുക്കാൻ കഴിയാതെ യുക്രൈൻ സുരക്ഷാ ഭീഷണിയിൽ ആയിരിക്കുന്നു. മാർച്ച് 7-ന് ട്രമ്പ് ഒരു അഭിമുഖത്തിൽ പറഞ്ഞു, 'ഞങ്ങൾ റഷ്യയുമായി താരതമ്യേനെ നല്ല ബന്ധത്തിലാണ്. അവർ ഇപ്പോൾ യുക്രൈനിൽ വലിയ ബോംബാക്രമണം നടത്തുകയാണ്. എന്നാൽ, യുക്രൈനുമായിട്ട് ഇടപെടാൻ ഇപ്പോൾ പ്രയാസമുണ്ട്. 'ആദ്യം അമേരിക്ക' എന്ന നയം മൂലം മുൻപുണ്ടായിരുന്ന സഖ്യങ്ങൾ അവസാനിപ്പിക്കുന്നതുകൊണ്ട് നാറ്റോയ്ക്കുള്ള അമേരിക്കൻ പിന്തുണ താൻ പിൻവലിക്കുമെന്ന് ട്രമ്പ് പറഞ്ഞു.

ഇതെഴുതുമ്പോൾ (മാർച്ച് 14) യുക്രൈനുള്ള അമേരിക്കൻ സൈനിക സഹായം ട്രമ്പ് പുനഃസ്ഥാപിച്ചു. യുക്രൈനിന്റെ അപൂർവമായ ധാതു സമ്പത്ത് സ്വന്തമാക്കാനുള്ള അമേരിക്കയുടെ നിയുക്ത കരാർ സെലൻസ്കി അംഗീകരിച്ചതിന് ശേഷമാണ് അത് സംഭവിച്ചത്. പുട്ടിൻ വെടിനിർത്തൽ അംഗീകരിച്ചു, എന്നാൽ

സ്വന്തം വ്യവസ്ഥയ്ക്ക് അനുസരിച്ചാണെന്ന് മാത്രം. സമാധാനം ഉണ്ടാക്കാൻ അദ്ദേഹത്തിന് വലിയ താല്പര്യം കാണില്ല, കാരണം, യുദ്ധമുഖത്ത് റഷ്യ വലിയ മുന്നേറ്റം ഇപ്പോൾ നടത്തുന്നു. 'ദീർഘ കാലത്തേക്കുള്ള സമാധാനത്തിനും' 'പ്രതിസന്ധിയുടെ യഥാർത്ഥ കാരണങ്ങൾ ഇല്ലായ്മ ചെയ്യാനും' വെടിനിർത്തൽ ആദ്യത്തെ ചുവട് വയ്പ്പ് ആയിരിക്കണമെന്ന് അദ്ദേഹം പറയുന്നു. റഷ്യയുടെ നിയന്ത്രണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി യൂറോപ്യൻ യൂണിയൻ, നാറ്റോ എന്നിവയിൽ അംഗത്വം നേടി പാശ്ചാത്യ സഖ്യത്തിന്റെ ഭാഗമാകാനുള്ള യുക്രെന്റെ ആഗ്രഹമാണ് ഈ പ്രതിസന്ധിയുടെ യഥാർത്ഥ കാരണം. അതിന്റെ പ്രധാന ആശയം എന്താണെന്ന് വച്ചാൽ, പുട്ടിൻ യുക്രെൻ മുഴുവൻ പിടിച്ചടക്കാൻ ആഗ്രഹിക്കുന്നു. ഒരിക്കൽ സോവിയറ്റ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന രാജ്യങ്ങളെ അദ്ദേഹം ഭീഷണിപ്പെടുത്തുന്നു.

ഇതിൽ ട്രമ്പ് തന്നെത്തന്നെ വലിയ നയതന്ത്രജ്ഞനായി കാണുന്നു. എന്നാൽ, മുൻ കെ ജി ബി ഏജന്റായ പുട്ടിനുമായി കളിക്കുമ്പോൾ ആ നീക്കങ്ങളെല്ലാം പരാജയമായിരിക്കാനാണ് സാധ്യത. ട്രമ്പിനെ എളുപ്പത്തിൽ കബളിപ്പിക്കാമെന്ന് പുട്ടിൻ ചിന്തിക്കുന്നു. ട്രമ്പിന്റെ ചില എതിരാളികളുടെ അഭിപ്രായപ്രകാരം, 1980- കളിൽ ട്രമ്പ് റഷ്യയിൽ വ്യാപാരാവശ്യത്തിനായി പോയ സമയം മുതൽ റഷ്യയുടെ കൈവശം ട്രമ്പിനെപ്പറ്റിയുള്ള എന്തോ രഹസ്യവിവരങ്ങൾ ഉണ്ട്. ട്രമ്പിന്റെ യുക്രെൻ - റഷ്യ ഇടപാട് പരാജയപ്പെടുകയാണെങ്കിൽ അമേരിക്കയും അതിന്റെ ആഗോള സ്വാധീനവും അശക്തമാകുന്നതിലേക്ക് അത് നയിക്കും. വലിയ ഏകാധിപത്യ ഭരണകൂടങ്ങൾ (റഷ്യ, ചൈന, ഇറാൻ, നോർത്ത് കൊറിയ) ശക്തിപ്പെടാനും അത് കാരണമാകും. പ്രവചനപരമായി, ഗോഗ് മാഗോഗ് യുദ്ധത്തെപ്പറ്റിയുള്ള ബൈബിൾ പ്രവചനത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. റോഷിന്റെ പ്രഭുവായ ഗോഗ് വടക്കുനിന്ന് വരുന്നു, ഗോഗ്, വിവിധ രാജ്യങ്ങളുടെ ഒരു സഖ്യത്തെ (പേർഷ്യ ഇറാൻ ഉൾപ്പെടെയുള്ള രാജ്യങ്ങൾ) യിസ്രായേലിന് എതിരെ നയിക്കും. അതേ സമയം, പാശ്ചാത്യ രാജ്യങ്ങളുടെ സഖ്യം ഈ സംഘർഷങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കും, അവർ ഒന്നും ചെയ്യില്ല (യെഹെ. 38:1-14). അപ്പോൾ ദൈവം അതിൽ ഇടപെടുകയും യിസ്രായേലിനെ രക്ഷിക്കുകയും ഈ സൈന്യത്തെ നശിപ്പിക്കുകയും ചെയ്യും.

റഷ്യയ്ക്ക് എതിരെ പ്രതിരോധം തീർക്കാനുള്ള യൂറോപ്യൻ പദ്ധതിയിലേക്ക്, ബ്രിട്ടൻ ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളുടെ മെച്ചപ്പെട്ട ഉദ്ഗ്രഥനത്തിലേക്ക് അത് നയിക്കും. റഷ്യയുടെ കടന്നുകയറ്റം ഉണ്ടായാൽ ഐക്യം ഉണ്ടാകണമെന്നും യൂറോപ്പിന്റെ പുനരായുധവൽക്കരണം നടക്കണമെന്നും ഫ്രഞ്ച് പ്രസിഡന്റ് മാക്രോൺ മാർച്ച് 5-ന് നടന്ന ശക്തമായ തന്റെ പ്രസംഗത്തിൽ ആവശ്യപ്പെട്ടു. റഷ്യയ്ക്ക് എതിരെ യൂറോപ്യൻ ഭൂഖണ്ഡത്തെ സംരക്ഷിക്കാൻ അവിടുത്തെ സഖ്യരാജ്യങ്ങൾക്ക് ആണവ പ്രതിരോധത്തിനുള്ള സംവിധാനം ഫ്രാൻസ് നൽകുമെന്ന് അദ്ദേഹം പറഞ്ഞു. ഇത് മറ്റൊരു പ്രവചന നിവർത്തിയിലേക്ക് വിരൽ ചൂണ്ടുന്നു, പുനർജ്ജീവിപ്പിക്കപ്പെട്ട റോമാ സാമ്രാജ്യത്തിന്റെ പ്രവചനം (വെളി. 17) ഇത്, ഏകീകരിക്കപ്പെട്ട യൂറോപ്പിന്റെ വളർച്ചയിലേക്ക് വിരൽ ചൂണ്ടുന്നു.

ട്രമ്പിന്റെ സാമ്പത്തിക നയങ്ങളെപ്പറ്റി ഷെഫീൽഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ, റിച്ചാർഡ് മർഫി പറഞ്ഞത്, ട്രമ്പിന്റെ സർക്കാരിനെ "അമേരിക്കയെ വീണ്ടും പ്രവർത്തനരഹിതമാക്കുക" എന്നു വിളിക്കണമെന്നാണ്. 'ട്രമ്പിന്റെ പ്രവർത്തികൾ സാമ്പത്തിക



മായി പൊരുത്തമില്ലാത്തതാണ്. നികുതി വർധിപ്പിക്കുക, വീണ്ടും അവ കുറയ്ക്കുക, നികുതി സംവിധാനത്തെ വളരെ ലാഘവമായി എടുക്കുക, തുടങ്ങിയ പ്രവർത്തികൾ സർക്കാരിന്റെ പ്രവർത്തന ക്ഷമതയെ തുരങ്കം വയ്ക്കുന്നു,' എന്നാണ് പറഞ്ഞത് റിച്ചാർഡ് മർഫി. അദ്ദേഹം ചെയ്യുന്ന കാര്യങ്ങൾക്ക് ഒരു ആസൂത്രണവും ഇല്ല, അവ കാര്യങ്ങൾ താറുമാറാക്കും. ഈ വ്യവസ്ഥാ വ്യതിയാനത്തിൽ നിന്ന് അദ്ദേഹം എന്താണ് ആഗ്രഹിക്കുന്നത്? ആ വ്യവസ്ഥയെ മുതലെടുത്തുകൊണ്ട് ആസ്തികൾ വെട്ടിപ്പിടിച്ച് അതീവ സമ്പന്നരായ പ്രഭുക്കന്മാരാവാൻ കഴുകൻ മുതലാളിത്തവാദികൾക്ക് ലഭിക്കുന്ന അവസരമായിട്ടാണോ അദ്ദേഹം ഇതിനെ കാണുന്നത്? പുട്ടിന്റെ റഷ്യയിൽ അങ്ങനെയൊരു സാഹചര്യം ഉണ്ടായിട്ടുണ്ട്. അതോ ജനാധിപത്യത്തെ നശിപ്പിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നുവോ? അദ്ദേഹത്തിന്റെ ചേഷ്ടയിൽ നിന്ന് നമുക്ക് രണ്ട് യുക്തിപരമായ നിർണ്ണയങ്ങൾ രൂപപ്പെടുത്താൻ കഴിയും. നമുക്ക് അതിൽ യുക്തി ഉപയോഗിക്കാൻ കഴിഞ്ഞെന്നു വരില്ല. ഒരു പക്ഷേ, ട്രമ്പ് പ്രവർത്തനരഹിതനായിരിക്കും – പ്രവർത്തനരഹിതനായ ഒരു പ്രസിഡന്റ് പ്രവർത്തനരഹിതമായ ഒരു സമ്പദ് വ്യവസ്ഥ സൃഷ്ടിച്ച് പ്രവർത്തനരഹിതമായ ഒരു രാജ്യം സൃഷ്ടിക്കുകയായിരിക്കും.

അത് ഇതിനകം ആരംഭിച്ചു കഴിഞ്ഞു. അമേരിക്കൻ ബാങ്കുകൾ വലിയ തോതിൽ അടച്ചു പൂട്ടുകയാണ്. വാൾ സ്ട്രീറ്റിൽ സ്റ്റോക്കുകളും ഓഹരിയും ഇടിയുന്നു. നിരവധി പേർ ഒരു സാമ്പത്തിക പ്രതിസന്ധി മുന്നിൽ കാണുന്നു. എന്റെ ഇന്റർനെറ്റ് സൈറ്റിലെ ഒരു കമന്റ് ഇങ്ങനെ പോകുന്നു, 'ഇതൊരു അട്ടിമറിയാണ്, ഒരു വിപ്ലവം. ഇത് അമേരിക്കയുടെ ശത്രുതാപരമായ ഏറ്റെടുക്കലാണ്. ഡോണൾഡ് ട്രമ്പും അദ്ദേഹത്തിന്റെ സംഘവും വളരെ വേഗത്തിൽ നീങ്ങുന്നു. കാരണം, അവർ എല്ലായിടത്തും നിയമങ്ങൾ മാറ്റുകയാണ്. പ്രത്യേകിച്ച്, ഭരണഘടന. രാജ്യം നയിക്കേണ്ട രീതി അവർ സുപ്രീം കോടതി ഇടപെടുന്നതിന് മുൻപ് പൂർണ്ണമായും പുനഃസൃഷ്ടിക്കുകയാണ്.'

രണ്ടാമത്തെ സാധ്യത മറ്റൊരു പദ്ധതിയാണ്. അതിന്റെ ഫലമായി, സമാന്തരമായൊരു നിയന്ത്രണ സംവിധാനം വരും. തന്ത്രപ്രധാനമായ ഒരു ബിറ്റ് കോയിൻ കരുതൽ ശേഖരവും ഒരു അമേരിക്കൻ ആസ്തി ശേഖരവും സ്ഥാപിക്കാൻ മാർച്ച് ആറിന് ട്രമ്പ് ഒരു എക്സിക്യൂട്ടീവ് ഉത്തരവ് ഒപ്പുവച്ചു. അത് സർക്കാർ അംഗുലീ ആസ്തി തന്ത്രത്തിന്റെ കാര്യത്തിൽ അമേരിക്കയെ ലോകരാജ്യങ്ങളുടെ നേതൃത്വത്തിൽ എത്തിക്കും. അമേരിക്കയെ ലോകത്തിന്റെ ക്രിപ്റ്റോ തലസ്ഥാനമാക്കുമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. സാമ്പത്തിക വളർച്ചക്കും സാങ്കേതിക വിദ്യയിൽ മുൻപന്തിയിൽ എത്താനും അംഗുലീ ആസ്തികളെ സ്വീകരിക്കേണ്ടതിന്റെ ആവശ്യം അത് ഊന്നിപ്പറയുന്നു. അതിനുശേഷം ഇലോൺ മാസ്കിന്റെ 'സർക്കാർ കാര്യക്ഷമതാ വകുപ്പ്' (DODGE) പൂർണ്ണമായും അംഗുലീപരമായ വിരമിക്കൽ പ്രക്രിയ പ്രഖ്യാപിച്ചു. അമേരിക്കൻ സമൂഹത്തിലെ ഏറ്റവും വലിയ സാമ്പത്തിക പരിവർത്തനം ആണിത്. ഈ സാങ്കേതിക വിദ്യ അമേരിക്കയിലെ ജീവിതത്തിന്റെ എല്ലാ വസ്തുതകളും തിരു

ത്തിയെഴുതും. സാമൂഹിക സുരക്ഷ പദ്ധതികളും നികുതി അടയ്ക്കലും, ആരോഗ്യ സംരക്ഷണം ലഭ്യമാക്കുന്നതും ഉൾപ്പെടെ എല്ലാറ്റിനും മാറ്റമുണ്ടാകും.

അതേ സമയം ട്രമ്പ്, നിർമ്മിത ബുദ്ധി (AI) യുടെ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി 500 ബില്യൺ ഡോളർ അനുവദിച്ചു. ഉപഭോക്താകൾക്കും ജോലിക്കാർക്കും ദേശീയ സുരക്ഷയ്ക്കും എതിരെ നിർമ്മിത ബുദ്ധി ഉയർത്തുന്ന ഭീഷണി കുറയ്ക്കാനുള്ള നടപടികൾക്കായി ജോ ബൈഡൻ ഒപ്പുവച്ച ഒരു എക്സിക്യൂട്ടീവ് ഉത്തരവ് ട്രമ്പ് റദ്ദാക്കി. ബൈഡന്റെ നിയമം പരിഹരിക്കാൻ ശ്രമിച്ച കാര്യം, അടിസ്ഥാനപരമായി മനുഷ്യർ ചെയ്യുന്ന പ്രവൃത്തികൾ നിർമ്മിത ബുദ്ധിയും / യന്ത്രമനുഷ്യരും ഏറ്റെടുത്ത് മനുഷ്യരെപ്പോലെ സ്വയം തീരുമാനം എടുക്കാനുള്ള പ്രാപ്തി നേടി 'കൃത്യമ പൊതു ബുദ്ധി' (AGI) എന്നറിയപ്പെടുന്ന അവസ്ഥയാണ്. ഈ മേഖലയെ നയിക്കുന്നത് ഓപ്പൺ എഐ എന്ന കമ്പനിയാണ്. അതിന്റെ മേധാവി, സാം അൾട്ട്മാൻ പറഞ്ഞു, '2025-ൽ ആദ്യത്തെ നിർമ്മിത ബുദ്ധി പ്രവർത്തകർ (AI agents) 'ജോലിക്കാരോടൊപ്പം' ചേർന്ന് കമ്പനികളുടെ ഉത്പാദനത്തിൽ ഭൗതികമായി മാറ്റം വരുത്തും.'

ക്രിപ്റ്റോ നാണയങ്ങളിൽ വലിയ തുക നിക്ഷേപിക്കുന്നത് ബാങ്കിംഗ് സംവിധാനത്തിന്റെയും ലോകത്തിന്റെ കരുതൽ നാണയം എന്ന നിലയിൽ ഡോളറിന്റെയും തകർച്ചയിലേക്ക് നയിക്കും. അത് അമേരിക്കയിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കും. അതേ സമയം അത് സാങ്കേതിക വിദ്യയിൽ അടിസ്ഥാനപ്പെടുത്തിയ ഏകാധിപത്യത്തിലേക്ക് നയിക്കും. ഈ സംവിധാനത്തിൽ നിർമ്മിത ബുദ്ധി നാണയ വ്യവസ്ഥയെയും ജീവിതത്തിന്റെ പ്രമുഖ മേഖലകളെയും നിയന്ത്രിക്കും. ഈ സംവിധാനത്തിൽ നിങ്ങളെ ഉൾപ്പെടുത്താനും പുറത്താക്കാനും സർക്കാർ ഇതിനെ ഉപയോഗിക്കും. മൃഗത്തിന്റെ അടയാളം ഇല്ലാതെ നിങ്ങൾക്ക് വിൽക്കാനും വാങ്ങാനും കഴിയാത്ത 666 സംവിധാനത്തിന്റെ നിഴലാണ് ഇത്. ഈ സംവിധാനത്തിൽ ഉൾപ്പെടാനുള്ള അടയാളത്തിനായി നിങ്ങൾ മൃഗത്തെ വണങ്ങണം (വെളി. 13:11-18).

## അതുകൊണ്ട്, എവിടേക്കാണ് അത് നയിക്കുന്നത്?

**രണ്ടു സാധ്യതകൾ ആണുള്ളത്.**

1. ആഗോളവൽക്കരണത്തിന്റെ പ്രക്രിയയെ തടസ്സപ്പെടുത്തുന്നതിൽ ട്രമ്പിന് പങ്കുണ്ടെങ്കിലും, അത് ആരംഭിക്കുന്നതിലേക്കുള്ള ഒരു ചുവട് വയ്പ്പ് ആയിരിക്കും ഡോണൾഡ് ട്രമ്പ്, കൂടാതെ ഒരു പുതുലോക ക്രമത്തിലേക്കുള്ള നീക്കമായിരിക്കും അത്. അത്, ലോകത്തെ വെളിപ്പാട് 13-ൽ പറഞ്ഞിരിക്കുന്ന 666 സംവിധാനത്തിലേക്ക് ഒരു ചുവട് അടുപ്പിക്കും.

2. സമാന്തരമായി, ട്രമ്പിന്റെ പ്രവർത്തികൾ അമേരിക്കയുടെ തകർച്ചയിലേക്ക് നയിക്കും. ആഗോള കാര്യങ്ങളിൽ അമേരിക്കയുടെ പ്രമുഖ പങ്ക് ഇല്ലാതെയാവും. അന്ത്യകാല പ്രവചനങ്ങളിൽ അമേരിക്കയുടെ സൂചന ഇല്ലാത്തത് അതുകൊണ്ടാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ബൈബിൾ പ്രവചനം വടക്കുനിന്നും തെക്കു നിന്നും കിഴക്കു നിന്നുമുള്ള രാജാക്കന്മാരെപ്പറ്റി സൂചനയുണ്ട്. എന്നാൽ പടിഞ്ഞാറ് നിന്നുള്ള രാജാക്കന്മാരെപ്പറ്റി സൂചനയില്ല. പുനരുദ്ധരിക്കപ്പെട്ട റോമാ സാമ്രാജ്യവും (യൂറോപ്പ്), യിസ്രായേലിന് ചുറ്റുമുള്ള പശ്ചിമേഷ്യയിലെ രാജ്യങ്ങളും അതിലുണ്ട്. എന്നാൽ, അമേരിക്കയെപ്പോലുള്ള ഒരു രാജ്യത്തെപ്പറ്റി അതിൽ സൂചനയില്ല. അതുകൊണ്ട്, വെളിപ്പാട് 18-ലെ പ്രവചനമായ ബാബിലോനിന്റെ വീഴ്ചയെപ്പോലെ എന്തെങ്കിലും അമേരിക്ക അനുഭവിക്കുമോ?

1998-ൽ, ഡേവിഡ് വിൽക്കേഴ്സൺ, 'അമേരിക്കയ്ക്ക് അന്തിമ വിളി, സാമ്പത്തിക അഗ്നിച്ചുളയുടെ വക്കിൽ' എന്ന പുസ്തകം എഴുതി. ദൈവത്തെ വാക്കുകൊണ്ട് മാത്രം സേവിക്കുകയും അതേസമയം ലോകത്തിലെ ഏറ്റവും ഹീനമായ ദുഷ്ടതയെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത രാഷ്ട്രം എന്ന നിലയിൽ അമേരിക്കയെ പിടിച്ചുലയ്ക്കുന്ന ഒരു കൊടിയ ദുരന്തം ദൈവത്തിന്റെ ന്യായവിധിയായി വരുന്നുവെന്ന് ഈ പുസ്തകത്തിൽ അദ്ദേഹം പറഞ്ഞു. ഈ ദുരന്തം ലോക സംവിധാനത്തെ പിടിച്ചുലയ്ക്കും. ഇപ്പോഴുള്ള സഖ്യങ്ങളുടെ പുനഃക്രമീകരണത്തിലേക്ക് അത് നയിക്കും. യൂറോപ്പിൽ അത് ഇതിനകം നടക്കുന്നത് നാം കാണുന്നു.

ഈ പുസ്തകത്തിന്റെ പുറംചട്ടയിൽ ഡേവിഡ് വിൽക്കേഴ്സൺ എഴുതുന്നു, 'അനുതപിക്കാൻ അമേരിക്കയ്ക്ക് കിട്ടുന്ന അവസാന അവസരമാണ് ഇത്.' അതിനു ശേഷം ഈ വാക്കുകൾ കാണുന്നു, 'ന്യൂയോർക്ക് നഗരത്തിലെ ഒരു ദിനപത്രത്തിലെ ഹാസ്യചിത്രത്തിൽ ടൈറ്റാനിക്ക് തുറമുഖം വിട്ടുപോകുന്നത് കാണിക്കുന്നു. കപ്പലിന്റെ പേര് 'അമേരിക്കൻ സാമ്പത്തിക വ്യവസ്ഥ' എന്ന് മാറ്റിയിട്ടുണ്ട്. അതിന്റെ തലക്കെട്ട് ഇങ്ങനെ പോകുന്നു: 'ദൈവത്തിന് പോലും ഈ കപ്പലിനെ മുക്കാൻ കഴിയില്ല'. അമേരിക്കൻ സ്വപ്നം അമേരിക്കൻ പേടിസ്വപ്നമായി മാറാൻ പോവുകയാണ്. അത് പെട്ടെന്ന്, മുന്നറിയിപ്പില്ലാതെ സംഭവിക്കും - അത് എങ്ങനെ എന്തുകൊണ്ട് സംഭവിക്കുമെന്ന് ആർക്കും വിവരിക്കാൻ കഴിയില്ല. വിൽപ്പനക്കാർ മാത്രമേ ഉള്ളൂ - വാങ്ങാൻ ആളില്ല. ഭൂരിഭാഗം അമേരിക്കക്കാരും ഇങ്ങനെ അഭിപ്രായപ്പെടുന്നു, 'ധാർമ്മികതയിൽ വലിയ കാര്യമില്ല. നമ്മുടെ നേതാക്കന്മാർ അവർക്ക് ഇഷ്ടമുള്ളത് ചെയ്യട്ടെ: അവർ നമുക്ക് നല്ല സാമ്പത്തിക ഭദ്രത നൽകട്ടെ. ആനന്ദ നിമിഷങ്ങൾ വരട്ടെ. സമൃദ്ധിയാണ് പ്രധാനപ്പെട്ടത്!' ഹീനമായ അമേരിക്കൻ ചിന്താഗതിയെ ദൈവം തകർക്കാൻ പോവുകയാണ്. പ്രവാചകനായ യിരെമ്യാവിനെപ്പോലെ ദൈവത്തിന്റെ നീതിയുള്ള വിധിയെ വിശ്വസിക്കുന്നവർ പറയുന്നു, '***നിന്റെ ദൈവമായ യഹോവ നിന്നെ വഴിനടത്തിയപ്പോൾ അവനെ ഉപേക്ഷിക്കകൊണ്ടല്ലയോ നീ ഇതു സമ്പാദിച്ചതു?***' (വിലാ. 2:17).

ഡേവിഡ് വിൽക്കേഴ്സൺ എഴുതുന്നു, 'ദൈവം രാഷ്ട്രങ്ങളുടെ മേൽ ന്യായവിധികൾ ചൊരിയുമ്പോൾ സാമ്പത്തിക വ്യവസ്ഥയെ ഞെരുക്കിക്കൊണ്ടാണ് താൻ അത് ആരംഭിക്കുന്നതെന്ന് ബൈബിൾ മുന്നറിയിപ്പ് നൽകുന്നു.' അദ്ദേഹം യെഹെസ്കേൽ 16: 49-50 വരെ ഉദ്ധരിക്കുന്നു, '***നിന്റെ സഹോദരിയായ സൊദോമിന്റെ അകൃത്യമോ: ഗർവ്വവും തീൻ പുളെപ്പും നിർഭയസൈ്വരവും അവൾക്കും അവളുടെ പുത്രിമാർക്കും ഉണ്ടായിരുന്നു; എളിയവനെയും ദരിദ്രനെയും അവൾ സഹായിച്ചതുമില്ല. അവർ അഹങ്കാരികളായി എന്റെ മുമ്പിൽ മ്ലേച്ഛത ചെയ്തു; അതുകൊണ്ടു എനിക്കു ബോധിച്ചതുപോലെ ഞാൻ അവരെ നീക്കിക്കളഞ്ഞു.***'

അദ്ദേഹം പറയുന്നു, ' നമ്മുടെ നഗരങ്ങളുടെ തെരുവുകളിലൂടെ നടന്ന് നാം അനുഭവിക്കുന്ന സമ്പൽസമൃദ്ധി യെഹെസ്കേൽ പ്രവാചകൻ വീക്ഷിക്കുകയാണെങ്കിൽ അവൻ എങ്ങനെയായിരിക്കും ഇന്ന് പ്രതികരിക്കുക. എല്ലാ ധാർഷ്ട്യവും, ദൈവത്തോടുള്ള വെറുപ്പും ഐഹികഭോഗാസ്ക്തിയും, നമ്മുടെ പാപങ്ങളുടെ പ്രദർശനവും, സമരോത്സുകമായ സ്വവർഗ്ഗ ലൈംഗികതയും, കുറ്റവും മയക്കുമരുന്നും കണ്ട് പ്രവാചകൻ ഞെട്ടിപ്പോകും. അവൻ മിക്കവാറും ഇങ്ങനെ കരയും, 'അമേരിക്കയെ, നീ സോദോമിനേക്കാൾ മ്ലേച്ഛമാണ്. ദൈവം നിന്റെ സമൃദ്ധിയെ

അടിക്കാൻ പോവുകയാണ്. അവനെ മറന്ന എല്ലാ രാഷ്ട്രങ്ങളെയും അവൻ താഴ്ത്തിയത് പോലെ അവൻ നിന്നെയും താഴ്ത്തും.'

1998 – ൽ ഡേവിഡ് വിൽക്കേഴ്സൺ ഈ പുസ്തകം എഴുതിയപ്പോൾ അത് സംഭവിച്ചില്ലെന്ന് ചിലർ പറയുന്നു. അത് സംഭവിക്കാൻ പോകുന്ന കൃത്യമായ സമയം അദ്ദേഹം നൽകിയില്ല. സമൃദ്ധിയുടെ കാലം കഴിഞ്ഞ് വരുന്ന പെട്ടെന്നുള്ള തകർച്ച അമേരിക്കയെ നശിപ്പിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ കാര്യത്തിൽ യൂറോപ്പും, റഷ്യയും ചൈനയും അമേരിക്കയേക്കാൾ നല്ലവരല്ല. ഈ ലോക സംവിധാനത്തിനു വേണ്ടി ദൈവം കരുതി വച്ച ന്യായവിധി അവരുടെ മേലും വീഴും. അവസാനം, വെളിപ്പാട് പുസ്തകത്തിൽ പ്രവചിച്ചു പറഞ്ഞതുപോലെ ലോക വ്യാപകമായി ബാബിലോൻ വീഴുന്നതിലേക്ക് അത് നയിക്കും.

*'അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു. അവൻ ഉറക്കെ വിളിച്ചുപറഞ്ഞതു: വീണുപോയി: മഹതിയാം ബാബിലോൻ വീണുപോയി; ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറെപ്പുമുള്ള സകലപക്ഷികളുടെയും തടവുമായിത്തീർന്നു. അവളുടെ വേശ്യാവൃത്തിയുടെ ക്രോധ മദ്യം സകലജാതികളും കുടിച്ചു; ഭൂമിയിലെ രാജാക്കന്മാർ അവളോടു വേശ്യാസംഗം ചെയ്കയും ഭൂമിയിലെ വ്യാപാരികൾ അവളുടെ പുളെപ്പിന്റെ ആധിക്യത്താൽ സമ്പന്നരാകയും ചെയ്തു.*

*വേറൊരു ശബ്ദം സ്വർഗ്ഗത്തിൽ നിന്നു പറയുന്നതായി ഞാൻ കേട്ടതു. എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ. അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ടു. അവൾ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങൾ അവൾക്കു പകരം ചെയ്‌വിൻ; അവളുടെ പ്രവൃത്തികൾക്കു തക്കവണ്ണം അവൾക്കു ഇരട്ടിച്ചു കൊടുപ്പിൻ; അവൾ കലക്കിത്തന്ന പാനപാത്രത്തിൽ അവൾക്കു ഇരട്ടി കലക്കിക്കൊടുപ്പിൻ; അവൾ തന്നെത്താൻ മഹത്വപ്പെടുത്തി പുളെച്ചേടത്തോളം അവൾക്കു പീഡയും ദുഃഖവും കൊടുപ്പിൻ. രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു; ഞാൻ വിധവയല്ല; ദുഃഖം കാൺകയുമില്ല എന്നു അവൾ ഹൃദയംകൊണ്ടു പറയുന്നു. അതു നിമിത്തം മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസത്തിൽ തന്നേ വരും; അവളെ തീയിൽ ഇട്ടു ചുട്ടുകളയും; അവളെ ന്യായം വിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ.*

*അവളോടു കൂടെ വേശ്യാസംഗം ചെയ്തു പുളെച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ പീഡനിമിത്തം ഭയപ്പെട്ടു ദൂരത്തു നിന്നുകൊണ്ടു അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ അവളെച്ചൊല്ലി കരഞ്ഞും മാറത്തടിച്ചുംകൊണ്ടു: അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ടു നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും'* (വെളി. 18:1–10). ✱

## അറിയിപ്പ്

- ഈ പ്രസിദ്ധീകരണത്തിന് വരിസംഖ്യ നിശ്ചയിച്ചിട്ടില്ല. സ്വമേധാദാനങ്ങൾ സ്വീകരിക്കുന്നതാണ്.
- കൂടുതൽ വിവരങ്ങൾക്ക് 9207976381 എന്ന നമ്പരിൽ ബന്ധപ്പെടുക.

— പത്രാധിപർ

# ഇടർച്ചകൾ



വിദ്വേഷ പ്രസംഗത്തെ കൈകാര്യം ചെയ്യാൻ, ആഗോള വാർത്താവിതരണ വകുപ്പു മുഖേന മാധ്യമങ്ങളുമായി പങ്കാളിത്തം സ്ഥാപിക്കാനും അത് ശക്തിപ്പെടുത്താനും തങ്ങൾ ഒരു പ്രമേയം അംഗീകരിച്ചെന്ന് ഐക്യ രാഷ്ട്ര സഭയുടെ നാലാമത്തെ കമ്മിറ്റി നവംബർ ആറിന് പ്രഖ്യാപിച്ചു.

പൊതു ഇടങ്ങളിൽ പ്രചരിക്കുന്ന അഭിപ്രായങ്ങൾ 'ആഗോള ഭരണത്തിന്റെ ഉദ്ദേശ്യവുമായും' നാനാത്വം, സമത്വം, തുടങ്ങിയ നയവുമായും യോജിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താൻ അവയുടെ നിരീക്ഷണത്തിന്റെ ഒരു പുതിയ തലം കൊണ്ടുവരാൻ സാങ്കേതിക വിദ്യയെ ഉപയോഗിക്കാൻ അവർ പദ്ധതി ഒരുക്കുന്നു. ഒരു ആധുനിക മതനിരപേക്ഷ വിശ്വാസവുമായി ബന്ധപ്പെട്ട എന്തോ ആയി അത് മാറിക്കഴിഞ്ഞു. അതിന് അതിന്റേതായ മഹാപുരോഹിതന്മാർ ഉണ്ട്, ഉപദേശങ്ങൾ ഉണ്ട്. അതിന് എതിരെ നീങ്ങുന്നവർക്കുള്ള ശിക്ഷയും പുറത്താക്കലും ഉണ്ട്. സാമൂഹിക അനീതിയെയും വിവേചനത്തെയും എതിർക്കുന്ന വോക്ക് (woke) എന്നു പൊതുവേ അറിയപ്പെടുന്ന വിവിധ ആശയങ്ങൾ ഇന്ന് നമുക്കുണ്ട്. അവയൊക്കെ ഒരിക്കൽ നിഷിദ്ധമായി കരുതിയിരുന്നു. എന്നാൽ, ഇന്ന്, അധികാരത്തിലും, സർക്കാരിലും, വിദ്യാഭ്യാസ മേഖലയിലും, മാധ്യമങ്ങളിലും, നീതിന്യായ വകുപ്പിലും, പോലീസിൽ പോലും ഇരിക്കുന്നവർ അതിനെ പ്രോത്സാഹിപ്പിക്കുന്നു.

ഞാൻ കഴിഞ്ഞ ലേഖനത്തിൽ എഴുതിയത് പോലെ, അമേരിക്കയിൽ ഇതിനെതിരെ പ്രതികരണം ഉണ്ട്, എന്നാൽ ബ്രിട്ടനിൽ അതില്ല. നാനാത്വ പരിപാടിയെ എതിർക്കുന്നവർ വിവേചനം അഭിമുഖീകരിക്കേണ്ടി വന്നേക്കാം. ക്രിസ്തിയ വിദ്യാലയത്തിലെ ജോലിക്കാരി ക്രിസ്റ്റീ ഹിഗ്ഗ്സിനെപ്പോലെ അവർ ജോലിയിൽ നിന്ന് പിരിയേണ്ടി വരാം. സ്വവർഗ്ഗ അനുരാഗത്തെപ്പറ്റി കുട്ടികളെ പ്രൈമറി സ്കൂളുകളിൽ പഠിപ്പിക്കുന്നതിനെതിരെ ഒരു ഫേസ്ബുക്ക് സന്ദേശം പങ്കുവച്ചതിനാലാണ് അവർക്ക് ജോലി നഷ്ടപ്പെട്ടത്. ഹാർട്ട് ദിനപത്രം (ഫെബ്രുവരി 2025) ഗോസെൻ സോയ്ഡാഗിന്റെ വാർത്ത പ്രസിദ്ധീകരിച്ചു. വിവാഹത്തെപ്പറ്റിയുള്ള ക്രിസ്തീയ വിശ്വാസങ്ങൾ ഇൻസ്റ്റാഗ്രാമിൽ പ്രകടിപ്പിച്ചതിന് അവരെ ഒരു കത്തോലിക്കാ സ്കൂളിൽ നിന്ന് പിരിച്ചു വിട്ടു. ആ ദിനപത്രം തുടർന്നെഴുതി, 'പരമ്പരാഗത വിവാഹത്തിന് പിന്തുണ അറിയിച്ചതിനാൽ ഒരു ക്രിസ്തീയ വിദ്യാലയം ജോലിക്കാരിയെ പിരിച്ചുവിട്ടത് ലേബർ കോടതി ശരി വച്ചതിന് ശേഷം വിവാഹത്തെപ്പറ്റിയുള്ള ക്രിസ്തീയ ഉപദേശങ്ങൾ സ്കൂളുകളിൽ നിരോധിക്കപ്പെട്ടിരിക്കുന്നു.'

രാഷ്ട്രീയ കൃത്യതയുടെ പേരിൽ ചില കൂട്ടരെ പ്രത്യേകിച്ച് സ്വവർഗ്ഗാനുരാഗ സമൂഹത്തെയും ന്യൂനപക്ഷ മതവിഭാഗത്തിൽ നിന്നുള്ളവരെയും മുസ്ലിങ്ങളെയും വിമർശിക്കാൻ പാടില്ലെന്ന് നാം കാണുന്നു. എന്നാൽ വിമർശിക്കപ്പെടാൻ യോഗ്യതയുള്ളവരും ഉണ്ട്. അവരുടെ താല്പര്യങ്ങൾക്കും അഭിപ്രായങ്ങൾക്കും ഒരു വിലയുമില്ല. ഉദാഹരണമായി:

- ബൈബിളിൽ വിശ്വസിക്കുന്ന ക്രൈസ്തവർ. ***'ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല'***

(യോഹ. 14:6) എന്ന യേശുവിന്റെ വാക്കുകൾ അവർ അക്ഷരംപ്രതി വിശ്വസിക്കുന്നു.

* പരമ്പരാഗത മൂല്യങ്ങൾക്ക് വില കല്പിക്കുന്നവർ, പ്രത്യേകിച്ച് വിവാഹം എന്നാൽ ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധമാണെന്ന് അവർ വിശ്വസിക്കുന്നു. ഗർഭധാരണത്തിൽ ജീവൻ ആരംഭിക്കുന്നതുകൊണ്ട് ഗർഭഛിദ്രം തെറ്റാണെന്ന് അവർ വിശ്വസിക്കുന്നു.

അതിന്റെ അർത്ഥം, ആരെങ്കിലുമായി നിങ്ങൾ പൊതു ഇടങ്ങളിൽ, ജോലി സ്ഥലത്തോ, കള്ളുഷാപ്പിലോ, അല്ലെങ്കിൽ റെസ്റ്റോറന്റിലോ അല്ലെങ്കിൽ സാമൂഹ്യ മാധ്യമത്തിലോ ഒരു സംഭാഷണം നടത്തുകയോ, അത് അകലെ നിന്ന് കേൾക്കുന്ന ഒരാൾക്ക് നിങ്ങളുടെ സംഭാഷണം ബുദ്ധിമുട്ട് ഉണ്ടാക്കുകയോ ചെയ്താൽ നിങ്ങൾ നിയമനടപടി അഭിമുഖീകരിക്കും. വ്യാപാര സ്ഥാപനങ്ങൾ നിയമപ്രശ്നങ്ങൾ ഒഴിവാക്കാൻ ശ്രമിക്കുമ്പോൾ, 'ഈ ധാരണയുടെ അഭാവം അഭിപ്രായ സ്വാതന്ത്ര്യത്തിനു മേൽ കടുത്ത നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിലേക്ക് നയിക്കുമെന്ന് പറയപ്പെടുന്നു.

## ക്രിസ്തീയ സന്ദേശങ്ങൾ കുറ്റകരമാകാം

സഭകളും പൊതു ഇടങ്ങളായതുകൊണ്ട് ജനങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന കാര്യങ്ങൾ പറഞ്ഞാൽ പ്രസംഗകർ നിയമനടപടി അഭിമുഖീകരിക്കും. സുവിശേഷത്തിന്റെ അടിസ്ഥാന സന്ദേശം നാമെല്ലാവരും പാപികൾ ആണെന്നും നമ്മുടെ പാപങ്ങൾ ഓർത്ത് നാം അനുതപിക്കണമെന്നും യേശു ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ച്, മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റെന്നുമാണ്. അത് ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ ന്യായവിധി ദിവസത്തിൽ നാം ദൈവത്തിന്റെ ക്രോധം അഭിമുഖീകരിക്കും

നാം ബൈബിൾ പരിശോധിക്കുമ്പോൾ ജനങ്ങളുടെ വികാരം വ്രണപ്പെടുന്നതിനെപ്പറ്റി യേശു ചിന്തിച്ചിരുന്നില്ല എന്ന് കാണാം. തോറായിലെ, ദൈവത്തിന്റെ ന്യായപ്രമാണം വ്യാഖ്യാനിക്കുന്നതിനെപ്പറ്റി യേശുവും പരീശന്മാരും തമ്മിൽ തർക്കം ഉണ്ടായെന്ന് മത്തായി 15 - ൽ രേഖപ്പെടുത്തുന്നു. 'അപ്പോൾ ശിഷ്യന്മാർ അടുക്കെ വന്നു: പരീശന്മാർ ഈ വാക്കു കേട്ടു ഇടറിപ്പോയി എന്നു അറിയുന്നുവോ എന്നു ചോദിച്ചു. അതിനു അവൻ: "സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും. അവരെ വിടുവിൻ; അവർ കുരുടന്മാരായ വഴികാട്ടികൾ അത്രേ; കുരുടൻ കുരുടനെ വഴിനടത്തിയാൽ ഇരുവരും കുഴിയിൽ വീഴും എന്നു ഉത്തരം പറഞ്ഞു' മത്തായി 15: 12-14. യേശുവിൽ നിന്നുള്ള വികാരം വ്രണപ്പെടുത്തുന്ന ഒരു പ്രസ്താവനയാണിത്, എന്നാൽ ചോദ്യം, അത് സത്യമാണോ? എന്നാണ്. നാം ബൈബിൾ പരിശോധിക്കുമ്പോൾ മൂന്നു തരത്തിൽ ഇടർച്ച വരുത്താം (offence) എന്നു കാണുന്നു.

• നമ്മുടെ സ്വഭാവം കൊണ്ട് മറ്റുള്ളവർക്ക് ഇടർച്ച വരുത്താം.

• നമ്മുടെ / മാനവരാശിയുടെ പാപവും അവിശ്വാസവും കൊണ്ട് ദൈവത്തിന് ഇടർച്ച വരുത്താം.

• കുരിശ് ഉളവാക്കുന്ന ഇടർച്ച. യേശുവും സുവിശേഷത്തിന്റെ സന്ദേശവും അത് തിരസ്കരിക്കുന്നവർക്ക് ഇടർച്ച വരുത്താം, അവരെ വ്രണപ്പെടുത്താം.

നാം ഈ മൂന്നു വിഷയങ്ങൾ പരിശോധിക്കുക.

## ആളുകൾക്ക് ഇടർച്ച വരുത്തുന്നത്

***'ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്വിൻ. യെഹൂദന്മാർക്കും യവന***

*ർക്കും ദൈവസഭക്കും ഇടർച്ചയല്ലാത്തവരാകുവിൻ. ഞാനും എന്റെ ഗുണമല്ല, പലർ രക്ഷിക്കപ്പെടേണ്ടതിനു അവരുടെ ഗുണം തന്നേ അന്വേഷിച്ചുകൊണ്ടു എല്ലാവരെയും എല്ലാംകൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ'* (1 കൊരി. 10:31-33).

ഈ വേദഭാഗത്തിലും സമാനമായ റോമർ 14-ലും മറ്റുള്ളവരോടുള്ള ഇടപാടിൽ അനാവശ്യമായി ഇടർച്ച ഉണ്ടാക്കരുതെന്ന് പൗലൊസ് വിശ്വാസികളെ പ്രബോധിപ്പിക്കുന്നു. നമ്മുടെ വിശ്വാസത്തിൽ നിന്ന് ഭിന്നരായവരോട് നാം ബഹുമാനവും പരിഗണനയും കാണിക്കണം. ഒരിക്കൽ ഒരു വ്യക്തി, അദ്ദേഹം ഒരു സുവിശേഷവിഹിത ക്രൈസ്തവനാണ്, ഒരു റോമൻ കത്തോലിക്ക പള്ളിയുടെ മുന്നിൽ നിന്നുകൊണ്ട് 'മറിയ ഒരു പാപിയാണ് എന്ന്' വിളിച്ചു പറഞ്ഞത് എനിക്കറിയാം. അദ്ദേഹം അങ്ങനെ പറഞ്ഞതിന് ഒടുവിൽ ആരോ വന്ന് അദ്ദേഹത്തിന്റെ മുഖത്ത് ഇടിച്ചു. അദ്ദേഹം പറഞ്ഞത് സാങ്കേതികമായി ശരിയാണ്. തനിക്ക് ദൈവത്തിൽ നിന്ന് രക്ഷ ആവശ്യമാണെന്ന് മറിയ സ്വയം അംഗീകരിച്ചു (ലൂക്കൊ. 1:47). തന്റെ പുത്രൻ, യേശു മശിഹായിൽകൂടി അവൾ അത് കണ്ടെത്തി. എന്നാൽ, ഒരു റോമൻ കത്തോലിക്ക വിശ്വാസിയെ സംബന്ധിച്ച് ആ പ്രസ്താവന നിന്ദിക്കലാണ്. സുവിശേഷത്തിൽ വിശ്വസിക്കുന്നതിൽ നിന്ന് അത് അവരെ കൂടുതൽ അകറ്റും.

യുഗങ്ങളായി ക്രിസ്തീയ സഭ അത് സ്ഥാപിതമായ സമൂഹത്തിന് ഇടർച്ച വരുത്തുകയും അവരോട് വിവേചനം കാണിക്കുകയും ചെയ്തു - നമുക്ക് ബൈബിൾ തന്ന, രക്ഷകനെ തന്ന നമ്മുടെ സ്രഷ്ടാവിനെക്കുറിച്ച് അറിവ് തന്ന ജനതയാണ് യെഹൂദർ. അതിന്റെ ഫലമായി, യെഹൂദ ജനതയെ സംബന്ധിച്ച് യേശുവിനെ മശിഹായായി കാണുന്നത് വളരെ കഠിനമായ വസ്തുതയാണ്. യേശു അവരെയും സ്നേഹിക്കുന്നു, രക്ഷയുടെ സന്ദേശം യെഹൂദർക്കും വിജാതീയർക്കും നൽകാൻ അവിടുന്ന് വന്നു.

## ദൈവത്തിന് ഇടർച്ച വരുത്തുന്നത്

മാനവരാശിയുടെ അടിസ്ഥാന പ്രശ്നം പാപമാണ്. പരിശുദ്ധനായ ദൈവത്തിന് അത് ഇടർച്ച വരുത്തുന്നു.

*'ദൈവം നീതിയുള്ള ന്യായാധിപതിയാകുന്നു; ദൈവം ദിവസം പ്രതി കോപിക്കുന്നു'* (സങ്കീ. 7:11).

*'ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു'* (റോമ. 3:23 ).

*'പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ നിത്യജീവൻ തന്നേ'* (റോമ. 6:23).

മാനവരാശിയുടെ പാപ സ്വഭാവം നമ്മെ പരിശുദ്ധനായ ദൈവത്തിൽ നിന്ന് അകറ്റുന്നു. മനുഷ്യൻ ദൈവത്തിന്റെ കല്പന ലംഘിച്ചതുമൂലം പാപവും മരണവും ലോകത്തിലേക്ക് എങ്ങനെയാണ് വന്നതെന്ന് ഉല്പത്തി 3 വിവരിക്കുന്നു. പൗലൊസ് റോമർ 5:14 -16 വരെ പറയുന്നു.

*'എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദാമിന്റെ ലംഘനത്തിനു തുല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ മോശെവരെ വാണിരുന്നു. എന്നാൽ ലംഘനത്തിന്റെ കാര്യവും കൃപാവരത്തിന്റെ കാര്യവും ഒരുപോലെയല്ല; ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു എങ്കിൽ ദൈവ കൃപയും ഏക മനുഷ്യനായ യേശു ക്രിസ്തുവിന്റെ കൃപയാലുള്ള ദാനവും അനേകർക്കു വേണ്ടി ഏറ്റവും അധികം കവിഞ്ഞിരിക്കുന്നു. ഏകൻ പാപം ചെയ്തതിന്റെ ഫലവും ദാനത്തിന്റെ കാര്യവും ഒരുപോലെയല്ല; ഏകന്റെ പാപം ശിക്ഷാവിധി കല്പിപ്പാൻ ഹേതുവായിത്തീർന്നു. കൃപാവരമോ അനേക ലംഘ*

*നങ്ങളെ മോചിക്കുന്ന നീതീകരണ വിധിക്കു ഹേതുവായിത്തീർന്നു.'*

ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു. ആദാമിന്റെ പാപം ലോകത്തിൽ പാപവും മരണവും കൊണ്ടുവന്നു. അത് തലമുറകളെ ബാധിക്കുകയും മാനവരാശിയെ ദൈവത്തിന്റെ ന്യായ വിധിയുടെ കീഴിൽ ആക്കുകയും ചെയ്യുന്നു. പഴയ നിയമത്തിൽ ദൈവം താൽക്കാലിക പ്രതിവിധികൾ നിയമിച്ചു. എന്നാൽ, ദൈവത്തിന്റെ അവസാനത്തെ പരിഹാരം മശിഹായായ യേശു ക്രിസ്തുവിൽ കാണാൻ കഴിയും. അനുതപിച്ച് യേശുവിൽ വിശ്വസിക്കുന്നവർക്ക് പാപമോചനവും തന്റെ നീതിയും വിശ്വാസത്താൽ ലഭിക്കുന്നു.

*'നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിനു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും കണക്കിടുവാനുള്ളതാകയാൽ തന്നേ'* റോമർ 4:24–25.

കർത്താവായ യേശുവിന്റെ കുരിശും പുനരുത്ഥാനവും ദൈവം ഒരുക്കിയ മാനവരാശിയുടെ വീണ്ടെടുപ്പ് പദ്ധതിയുടെ കേന്ദ്രഭാഗത്തായി നിലകൊള്ളുന്നു. യേശു ക്രിസ്തുവിന്റെ കുരിശിൽ നിന്ന് ആളുകളെ അകറ്റുന്ന എന്തും ദൈവത്തിന് ഇടർച്ചയാണ്:

*'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തനു ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു തിരിക്കല്ലു കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നതു അവനു നന്നു. ഇടർച്ച ഹേതുവായി ലോകത്തിനു അയ്യോ കഷ്ടം; ഇടർച്ച വരുന്നതു ആവശ്യം തന്നേ; എങ്കിലും ഇടർച്ച വരുത്തുന്ന മനുഷ്യനു അയ്യോ കഷ്ടം'* (മത്താ. 18:6–7).

യേശു പത്രൊസിനെപ്പോലും അക്കാര്യത്തിൽ ശാസിച്ചു. യേശു കുരിശിലേക്ക് പോകുന്നതിൽ നിന്ന് പത്രൊസ് തന്നെ വിലക്കാൻ ശ്രമിച്ചപ്പോഴാണ് യേശു അവനെ ശാസിച്ചത്. മത്തായി 16 – ൽ ആ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

*'അന്നു മുതൽ യേശു താൻ യെരൂശലേമിൽ ചെന്നിട്ടു, മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും വേണ്ടതു എന്നു ശിഷ്യന്മാരോടു പ്രസ്താവിച്ചു തുടങ്ങി. പത്രൊസ് അവനെ വേറിട്ടു കൊണ്ടുപോയി: കർത്താവേ, അതു അരുതേ; നിനക്കു അങ്ങനെ ഭവിക്കരുതേ എന്നു ശാസിച്ചുതുടങ്ങി.*

*അവനോ തിരിഞ്ഞു പത്രൊസിനോടു; "സാത്താനേ, എന്നെ വിട്ടു പോ; നീ എനിക്കു ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രെ കരുതുന്നതു" എന്നു പറഞ്ഞു.* മത്താ. 16: 21–23.

## കുരിശിന്റെ ഇടർച്ച

ദൈവത്തിന് ഇടർച്ച വരുത്താതിരിക്കാനുള്ള മാർഗ്ഗം കുരിശ് മുഖാന്തരമാണ്. പൗലൊസ് എഴുതി:

*'ഞാനോ, സഹോദരന്മാരേ, ഇപ്പോഴും പരിച്ഛേദന പ്രസംഗിക്കുന്നു എന്നു വരികിൽ ഇനിയും ഉപദ്രവം സഹിക്കുന്നതു എന്തു? അങ്ങനെ എങ്കിൽ ക്രൂശിന്റെ ഇടർച്ച നീങ്ങിപ്പോയല്ലോ'* (ഗലാ. 5:11).

ഇടർച്ചയ്ക്ക് ഉപയോഗിച്ചിരുന്ന യവന പദമാണ് skandalon. അതിൽ നിന്നാണ് ഇംഗ്ലീഷ് വാക്ക് 'scandal' (അപകീർത്തി) വന്നത്. എന്തുകൊണ്ടാണ് കുരിശ് ഒരു ഇടർച്ചയായത്? ഭൗതിക നിലയിൽ നോക്കിയാൽ കുരിശ് ഭീകരമായ ഒരു സ്ഥാനമാണ്, പൊതു സ്ഥലത്തിൽ അസഹനീയമായ മരണവേദനയിലൂടെ കടന്നുപോകണം.

ജോൺ മക്ക്ആർതർ എഴുതി: 'ക്രൂശീക

രണം സമൂഹത്തിലെ നികൃഷ്ട വ്യക്തികൾക്കുവേണ്ടിയുള്ള വധശിക്ഷയുടെ ജുഗുപ്സിതമായ, നിന്ദ്യമായ രൂപമാണ്. ക്രൂശീകരണത്തെക്കുറിച്ചുള്ള റോമാ സാമ്രാജ്യത്തിന്റെ നയങ്ങൾ മൂലം ക്രൂശീകരിക്കപ്പെട്ട വ്യക്തിയെ റോമാക്കാർ തീർത്തും ഹീനമായി കണ്ടിരുന്നു. സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ള നികൃഷ്ട മനുഷ്യർക്കു വേണ്ടിയാണ് റോമാക്കാർ ഈ രീതി ഉപയോഗിച്ചത്.



എന്നാൽ, പൗലൊസ് റോമാ സാമ്രാജ്യത്തിലേക്ക് പോയപ്പോൾ അതേ വസ്തുതയെപ്പറ്റിയാണ് അവൻ ഏറ്റവും കൂടുതലായി സംസാരിക്കാൻ ആഗ്രഹിച്ചത്. കാരണം, കാൽവറി കുരിശിൽ ദൈവം എന്തോ മനോഹരമായത് ചെയ്തു. ദൈവ പുത്രൻ ലോകത്തിന്റെ പാപം സ്വയം വഹിച്ചു. നാം ദൈവത്തിന്റെ നീതി ആകേണ്ടതിന് നാം വഹിക്കേണ്ട ശിക്ഷ യേശു വഹിച്ചു. യെശയ്യാവ് പ്രവചനാത്മാവിൽ എഴുതി: ***'നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി'*** (യെശ. 53:6).

പൗലൊസ് 2 കൊരിന്ത്യർ 5-ൽ എഴുതി: ***'പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു, അവൻ നമുക്കു വേണ്ടി പാപം ആക്കി.'***

കുരിശിൽ ദൈവീക കൈമാറ്റം സംഭവിച്ചു. പാപം ഇല്ലാത്ത കർത്താവായ യേശു നമ്മുടെ സ്ഥാനത്ത് മരിച്ചു. ലോകത്തിന്റെ പാപത്തെ സ്വയം വഹിച്ചു. അനുതാപത്തിലും വിശ്വാസത്തിലും അവങ്കലേക്ക് തിരിയുന്നവർക്ക് പാപമോചനവും നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ നീതിയും ലഭിക്കും.

നമ്മുടെ പാപങ്ങൾ എത്ര വലുതോ എത്ര ചെറുതോ ആണെന്നുള്ളത് പ്രശ്നമല്ല. 'നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും 'നീതിമാനും ആകുന്നു.' അതുകൊണ്ട് ആത്മീയതലത്തിൽ യേശുക്രിസ്തുവിന്റെ കുരിശ് ആളുകളെ അവരുടെ പാപത്തെപ്പറ്റിയും നീതിയെപ്പറ്റിയും ന്യായവിധിയെപ്പറ്റിയും ബോധ്യപ്പെടുത്തുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ നമ്മുടെ നീതി പ്രവൃത്തികൾ കറപുരുണ്ട തുണിപോലെയാണെന്നും (യെശ. 64:6) ദൈവത്തിന്റെ കണ്ണുകളിൽ നാം പാപികൾ ആണെന്നും അത് കാണിക്കുന്നു. സ്വഭാവത്താൽ നാം ദൈവത്തിന്റെ ന്യായവിധിക്ക് കീഴിലാണ്. ഈ അവസ്ഥയിൽ നിന്ന് വീണ്ടെടുപ്പ് പ്രാപിക്കാനുള്ള ഒരേയൊരു മാർഗ്ഗം കുരിശ് മുഖാന്തരമാണ്.

ഗലാതൃർ 5-ലേക്ക് തിരികെ വരുമ്പോൾ ആ ചോദ്യം ബാക്കിയാവുന്നു. പരിച്ഛേദന പ്രസംഗിക്കുന്നുവെങ്കിൽ താൻ ഇനി ഉപദ്രവം സഹിക്കില്ലെന്നും കുരിശിന്റെ ഇടർച്ച നീങ്ങിപ്പോയെന്നും എന്തുകൊണ്ടാണ് പൗലൊസ് പ്രസംഗിച്ചത്? അതിന്റെ പശ്ചാത്തലം യെഹൂദ മതമാണ്. മോശെയുടെ ന്യായപ്രമാണം അനുസരിക്കാൻ പുരുഷന്മാർ പരിച്ഛേദന ഏൽക്കണമെന്ന് അത് ആവശ്യപ്പെടുന്നു. ന്യായപ്രമാണം പ്രത്യേകമായി യിസ്രായേലിന് അവർ മിസ്രയീമിൽ നിന്ന് പുറപ്പെട്ടപ്പോൾ മോശെ മുഖാന്തരം പ്രത്യേകമായി ദൈവം നൽകിയതാണ്. അതിലെ

നിയമങ്ങൾ നല്ലതാണ്. ജനങ്ങളെ തിന്മയിൽ നിന്ന് സൂക്ഷിച്ച് നീതിപാതകളിൽ നയിക്കാൻ ദൈവം നൽകിയതാണ് അത്. പ്രശ്നം എന്താണെന്നു വച്ചാൽ അത് അനുസരിക്കാനുള്ള ജനങ്ങളുടെ പ്രാപ്തി ഇല്ലായ്മയാണ്. ആ സന്ദേശമാണ് നാം യിരെമ്യാവിന്റെ പുസ്തകത്തിൽ 31:31-34 വാക്യങ്ങളിൽ കാണുന്നത്. പുതിയ നിയമത്തിൽ എബ്രായർ 8-ൽ അത് ആവർത്തിക്കുന്നു.

*'ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാടു. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെയല്ല; ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്നു യഹോവയുടെ അരുളപ്പാടു. എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാടു. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാടു.'*

കർത്താവായ യേശു ക്രിസ്തുവിന്റെ വരവ് വഴി, ദൈവം ഒരു പുതിയ നിയമം സൃഷ്ടിക്കുകയായിരുന്നു, ആദ്യം യിസ്രായേലുമായിട്ടായിരുന്നു അത്, എന്നാൽ അത് വിജാതീയരിലേക്കും ചെന്നു. നാം കർത്താവിനെ അറിയുമ്പോൾ നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുമ്പോൾ, നമ്മുടെ ഹൃദയത്തിലും മനസ്സിലും പരിശുദ്ധാത്മാവിനാൽ ഈ ഉടമ്പടിയിലൂടെ ദൈവം തന്റെ നിയമം എഴുതുമെന്ന് അവിടുന്ന് വാഗ്ദാനം ചെയ്യുന്നു.

എല്ലാ സത്യവിശ്വാസികളും പങ്കുകൊള്ളേണ്ട കർത്തൃമേശ സ്ഥാപിച്ചപ്പോൾ യേശു ഈ പുതിയ ഉടമ്പടിയെപ്പറ്റി സംസാരിച്ചു: 'അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു: *"വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം" എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: "എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ. ഇതു അനേകർക്കുവേണ്ടി പാപ മോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം; എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടു കൂടെ പുതുതായി കുടിക്കും നാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽ നിന്നു ഇനി കുടിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞു'* (മത്താ. 26:26-28).

യേശു മശിഹായുടെ വരവോടെ, ദൈവം തന്റെ ഉടമ്പടി യേശുവിന്റെ രക്തം കൊണ്ട് മുദ്രവച്ച പുതിയ നിയമം വഴി എല്ലാവരിലേക്കും എത്തിക്കുകയാണ്. മാനസാന്തരത്തിലൂടെയും യേശുവിലുള്ള വിശ്വാസത്തിലൂടെയും കുരിശിൽ നമ്മുടെ പാപങ്ങൾക്കുവേണ്ടി അവിടുന്ന് യാഗമായതിലൂടെയും നാം അതിൽ പ്രവേശിക്കുന്നു.

മതാനുസാരികൾക്ക് ഈ ആശയം യഥാർത്ഥത്തിൽ നിന്ദ്യമായിരിക്കും. ദൈവത്തെ പ്രസാദിപ്പിക്കാൻ നല്ല പ്രവൃത്തികൾ ചെയ്യുമ്പോൾ ദൈവം അത് സ്വീകരിക്കുമെന്ന് അവർ വിശ്വ

സിക്കുന്നു.. നല്ല പ്രവൃത്തികൾ ചെയ്യുക, പ്രാർത്ഥിക്കുക, ദാനധർമ്മം ചെയ്യുക, മത കർമങ്ങളിൽ പങ്കെടുക്കുക. ഈ മാർഗ്ഗത്തിലൂടെ നിങ്ങൾക്ക് രക്ഷ ലഭിക്കും. ക്രിസ്തീയ വീക്ഷണം അനുസരിച്ച് ഇതെല്ലാം ചെയ്യുന്നത് നല്ലതാണ്, എന്നാൽ അവ രക്ഷ കൊണ്ടുവരുന്നില്ല. അവയൊക്കെ നമ്മുടെ വിശ്വാസത്തിന്റെ ഫലങ്ങളാണ്. അല്ലാതെ, അവ നമുക്ക് രക്ഷയും, ദൈവവുമായി യഥാർത്ഥ ബന്ധവും തരുന്നില്ല.

നന്മ പ്രവൃത്തികളെപ്പറ്റിയും മതത്തെപ്പറ്റിയും നിങ്ങൾ പ്രസംഗിച്ചാൽ ലോകം നിങ്ങളെ അംഗീകരിക്കും. നിങ്ങൾക്ക് രക്ഷ ലഭിക്കാൻ അതൊന്നും പോരെന്ന് നിങ്ങൾ പറഞ്ഞാൽ, അതൊരു അപകീർത്തികരമായ വീക്ഷണമാണെന്ന് പലരും പറയും.. അവർ ഇങ്ങനെ പ്രതികരിക്കും, 'നിങ്ങൾ യേശുവിൽ വിശ്വസിക്കുന്നത് കൊണ്ട് നിങ്ങൾ എന്നേക്കാൾ ഭേദമെന്നാണോ നിങ്ങൾ പറയുന്നത്? എന്റെ മത വിശ്വാസം നല്ലതല്ലെന്നും ദൈവം എന്റെ പ്രാർത്ഥന കേൾക്കില്ലെന്നും പറയാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്? അത് വളരെ പ്രകോപനപരമാണ്.

എന്നാൽ എബ്രായ തിരുവെഴുത്തിൽ നാം വായിക്കുന്നു, ***'സൈന്യങ്ങളുടെ യഹോവയെ ശുദ്ധീകരിപ്പിൻ; അവൻ തന്നേ നിങ്ങളുടെ ഭയവും നിങ്ങളുടെ ഭീതിയും ആയിരിക്കട്ടെ. എന്നാൽ അവൻ ഒരു വിശുദ്ധ മന്ദിരമായിരിക്കും; എങ്കിലും യിസ്രായേൽ ഗൃഹത്തിനു രണ്ടിനും അവൻ ഒരു ഇടർച്ചക്കല്ലും തടങ്ങൽപാറയും യെരൂശലേം നിവാസികൾക്കു ഒരു കുടുക്കും കണിയും ആയിരിക്കും. പലരും അതിന്മേൽ തട്ടിവീണു തകർന്നുപോകയും കെണിയിൽ കുടുങ്ങി പിടിപെടുകയും ചെയ്യും'*** (യെശ. 8:13–15).

രണ്ടു സാധ്യതകൾ ആണുള്ളത്. കർത്താവ് ഒരു വിശുദ്ധ മന്ദിരമായിരിക്കും, ദൈവത്തിന്റെ വാക്ക് കേൾക്കുന്ന ഒരുവന് അതൊരു സുരക്ഷാസ്ഥാനമായിരിക്കും. അതല്ലെങ്കിൽ, അങ്ങനെ ചെയ്യാത്തവർക്ക് താൻ ഒരു ഇടർച്ചക്കല്ലും തടങ്കൽപാറയുമാണ്. നമുക്ക് ഏതാണ് ബാധകമെന്ന് ദൈവത്തോടുള്ള നമ്മുടെ പ്രതികരണത്തെ ആശ്രയിച്ചിരിക്കുന്നു.

ഈ വാക്യം പുതിയ നിയമത്തിൽ ആവർത്തിച്ചിരിക്കുന്നു: ***'ഞാൻ ശ്രേഷ്ഠവും മാന്യവുമായോരു മൂലക്കല്ലു സീയോനിൽ ഇടുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല"*** എന്നു തിരുവെഴുത്തിൽ കാണുന്നുവല്ലോ. വിശ്വസിക്കുന്ന നിങ്ങൾക്കു ആ മാന്യതയുണ്ടു; വിശ്വസിക്കാത്തവർക്കോ ***"വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു തന്നേ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്ങൽ പാറയുമായി ത്തീർന്നു." അവർ വചനം അനുസരിക്കായ്കയാൽ ഇടറിപ്പോകുന്നു; അതിനു അവരെ വെച്ചുമിരിക്കുന്നു. നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു'*** (1 പത്രൊ. 2:6–9).

വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നിരിക്കുന്നു എന്ന വാക്യം സങ്കീർത്തനങ്ങൾ 118 – ലെ ഒരു ഉദ്ധരണിയാണ്. മനുഷ്യരാൽ തള്ളപ്പെട്ട ദൈവത്താൽ ഉയർത്തപ്പെട്ടവനായ യേശുവിലേക്ക് വിരൽ ചൂണ്ടുന്ന മശിഹൈക പ്രവചനമാണ് അത്. യേശുവിനെ സ്വീകരിക്കുന്നവർ ദൈവത്തിന്റെ സ്വന്തം ജനമായി മാറുന്നു. അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങൾ അവർ ഘോഷിക്കുന്നു. കുരിശ് അവർക്ക് ഇടർച്ച വരു

ത്തുന്നില്ല. പകരം, കുരിശിനെ അവർ ആലിംഗനം ചെയ്യുന്നു. കാരണം, ദൈവരാജ്യത്തിൽ അതാണ് ജീവന്റെ മാർഗ്ഗം. ഈ സന്ദേശം തിരസ്കരിക്കുന്നവർക്ക് കുരിശ് ഇടർച്ച വരുത്തുന്നു. എന്നാൽ, അവരുടേതായ പാപത്തിന്റെ ഭാരം അവർ തന്നെ വഹിക്കേണ്ടി വരുന്നു. ന്യായവിധി ദിവസത്തിൽ അവരുടെ പാപത്തിന് അവർ ദൈവത്തോട് മറുപടി പറയണം. യേശു പറഞ്ഞു, ***'എന്നാൽ എങ്കൽ ഇടറിപ്പോകാത്തവൻ എല്ലാം ഭാഗ്യവാൻ'*** (മത്താ. 11:6).


കുരിശിന്റെ സന്ദേശത്താൽ ഇടർച്ച സംഭവിക്കാതിരിക്കുന്നതാണ് നല്ലത്. നരകത്തിൽ പതിക്കുന്നതിനേക്കാൾ, ദൈവത്തിന് ഇടർച്ച വരുത്തുന്നതിനേക്കാൾ, മാനസാന്തരപ്പെടാതെ സുവിശേഷത്തിൽ വിശ്വസിക്കാതിരിക്കുന്നതിനേക്കാൾ നല്ലത് അനുതാപത്തിലും വിശ്വാസത്തിലും ദൈവത്തിലേക്ക് തിരിയുന്നതാണ്.

ഗോതമ്പിന്റെയും കളയുടെയും ഉപമ യേശു ഇങ്ങനെ അവസാനിപ്പിച്ചു, ***"കൊയ്യുന്നവർ ദൂതന്മാർ കള കൂട്ടി തീയിൽ ഇട്ടു ചുടുംപോലെ ലോകാവസാനത്തിൽ സംഭവിക്കും. മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും; അവർ അവന്റെ രാജ്യത്തിൽനിന്നു എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയുകയും, അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും"*** (മത്താ. 13:40-42).

അന്ത്യകാല ലക്ഷണങ്ങൾ നമ്മുടെ മുന്നിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ മാനവരാശിയുടെ ഒരേയൊരു പ്രത്യാശ സുവിശേഷ സന്ദേശമാണ്. നാം ഇപ്പോൾ ദൈവത്തോട് സമാധാനം പ്രാപിക്കണം. കാരണം യേശു രണ്ടാമത് വേഗം വരുന്നത് നീതിയിൽ ലോകത്തെ വിധിക്കാനും ഈ ദുഷ്ട ലോകസംവിധാനത്തിന് അന്ത്യം വരുത്താനുമാണ്. അതുകൊണ്ട്, അപ്പൊസ്തലനായ പൗലൊസിനൊപ്പം നാമും പറയുക:

"സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യെഹൂദനും പിന്നെ യവനനും അതു രക്ഷക്കായി ദൈവ ശക്തിയാകുന്നുവല്ലോ. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിനായിക്കൊണ്ടും വെളിപ്പെടുന്നു. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നു എഴുതിയിരിക്കുന്നുവല്ലോ" *

റോമർ 1 :16-17.




ഒരു പ്രതിക്കു 10 രൂപാ നിരക്കിൽ ലഭ്യമാണ്

## ഗാസയിൽ എന്തു ചെയ്യണം?

അമേരിക്ക ഗാസയുടെ നിയന്ത്രണം ഏറ്റെടുത്ത് പാലസ്തീൻ ജനതയെ മറ്റെവിടെയെങ്കിലും പുനരധിവസിപ്പിക്കുമെന്ന നിർദ്ദേശം പ്രസിഡന്റ് ട്രമ്പ് ഫെബ്രുവരി ആറിന് മുന്നോട്ടു വച്ചു. ഇടിച്ചു നിരത്തപ്പെട്ട, ആ ഭൂപ്രദേശത്തെ വികസിപ്പിക്കുമെന്നും അതിനെ 'പശ്ചിമേഷ്യയിലെ മനോഹരതീരം' ആക്കാമെന്നും അദ്ദേഹം പ്രത്യാശിച്ചു.

ആ നിർദ്ദേശത്തെ യിസ്രായേൽ പ്രധാനമന്ത്രി നെത്ന്യാഹു 'വർഷങ്ങൾക്കു ശേഷം വന്ന പുതുപുത്തൻ ആശയം' എന്നും 'പുതുമയുള്ള ശരിയായ സമീപനമെന്നും' വിളിച്ച് അതിനെ സ്വാഗതം ചെയ്തു. അത് പൂർണ്ണമായും തള്ളിക്കളയരുതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആ പദ്ധതി ഹമാസിനെ എന്നെന്നേക്കുമായി ഇല്ലാതാക്കുമെന്നും യിസ്രായേലിന് സുരക്ഷ ഉറപ്പു വരുത്തുമെന്നും, ഗാസായിലെ ജനങ്ങളെ താൽക്കാലികമായി മാറ്റിപ്പാർപ്പിക്കുന്നത് അതിന്റെ പുനർ നിർമ്മാണത്തിന് കാരണമാകുമെന്നും ജനങ്ങളെ മിതവാദികൾ ആക്കുമെന്നും അദ്ദേഹം പറഞ്ഞു.

അറബ് രാജ്യങ്ങളും, പാലസ്തീനികളും, ബ്രിട്ടൻ, യൂറോപ്യൻ യൂണിയൻ ഉൾപ്പെടെ മറ്റു രാജ്യങ്ങളും പ്രസിഡന്റിന്റെ നിർദ്ദേശം തള്ളിക്കളഞ്ഞു. പലസ്തീനികളെ ആ പ്രദേശത്തു നിന്ന് ഒഴിപ്പിക്കുന്നത് ഒഴിവാക്കാൻ 53 ബില്യൺ ഡോളർ ചെലവഴിച്ച് ഗാസ പുനർ നിർമ്മിക്കുന്ന ഒരു പദ്ധതി ഈജിപ്റ്റ് മുന്നോട്ടു വച്ചു. ഗാസയെ താൽക്കാലികമായി സ്വതന്ത്ര വിദഗ്ധരുടെ ഒരു കമ്മിറ്റി ഭരിക്കണമെന്നും അന്താരാഷ്ട്ര സമാധാനസേനയെ അവിടെ വിന്യസിക്കണമെന്നും ആ പദ്ധതി നിർദ്ദേശിക്കുന്നു. പാലസ്തീൻ അതോറിറ്റിയുടെ മേൽനോട്ടത്തിലുള്ള മനുഷ്യത്വപരമായ സഹായങ്ങൾക്കും താൽക്കാലികമായ ഗാസ ഭരണത്തിനും ഈ സമിതി ഉത്തരവാദിത്വം വഹിക്കും.

പ്രശ്നം എന്താണെന്ന് വച്ചാൽ, ഈ പദ്ധതിയിലെല്ലാം ഒന്നുകിൽ ഹമാസ് അല്ലെങ്കിൽ യിസ്രായേൽ എതിർക്കുന്ന വസ്തുതകൾ ഉണ്ട്. യിസ്രായേലി സേന പൂർണ്ണമായും ഗാസയിൽ നിന്ന് പിന്മാറണമെന്നും, വീണ്ടും ഗാസയുമായി യുദ്ധത്തിന് മുതിരരുതെന്നും ഹമാസ് ആവശ്യപ്പെടുന്നു. പാലസ്തീൻ അതോറിറ്റി ഗാസയുടെ മേൽനോട്ടം വഹിക്കുന്നതിന് യിസ്രായേൽ ആഗ്രഹിക്കുന്നില്ല. കാരണം, പാലസ്തീൻ രാജ്യത്തിന്റെ സൃഷ്ടിയിലേക്കുള്ള ആദ്യത്തെ ചുവട് വയ്പ്പായി യിസ്രായേൽ അതിനെ കാണുന്നു.

യെഹൂദ രാഷ്ട്രത്തെ ഭൂപടത്തിൽ നിന്ന് നീക്കി അതിനുപകരം നദി (യോർദ്ദാൻ) മുതൽ സമുദ്രം (മധ്യധരണി ആഴി) വരെയുള്ള പാലസ്തീൻ രാഷ്ട്രം സ്ഥാപിക്കുക എന്ന ചില അടിസ്ഥാന ലക്ഷ്യങ്ങൾ ഹമാസിനെപ്പോലെ പാലസ്തീൻ അതോറിറ്റിയ്ക്കും ഉണ്ടെന്ന് യിസ്രായേൽ ഭയക്കുന്നു. പാലസ്തീൻ അതോറിറ്റിയുടെ സൈനിക വിഭാഗമായ പാലസ്തീൻ വിമോചന സംഘടനയുടെ ലക്ഷ്യം വളരെ മുൻപ് തന്നെ തിട്ടപ്പെടുത്തിയിരിക്കുന്നു; യിസ്രായേൽ പിന്മാറുന്ന പ്രദേശങ്ങളെ യിസ്രായേലിനെ നശിപ്പിക്കാൻ നടത്തുന്ന ആക്രമണങ്ങളുടെ പ്രഭവസ്ഥാനമാക്കി മാറ്റുക. അത് ആദ്യം 1974- ൽ, പി എൽ ഓയുടെ

'പത്തിന ഘട്ടം ഘട്ടമായുള്ള പദ്ധതിയിൽ' വിഭാവനം ചെയ്തിരുന്നു. ഫെബ്രുവരി 22-ന് യിസ്രായേലി തടവുകാരെ വിട്ടയച്ചപ്പോൾ ഹമാസ് അവരുടെ ശക്തി വെളിപ്പെടുത്താൻ മെഷീൻ ഗൺ വഹിച്ച് മുഖം മറച്ച അതിന്റെ പ്രവർത്തകരുടെ പ്രകടനം നടത്തി. അവരുടെ ബാനറിൽ എഴുതിയ മുദ്രാവാക്യം **'ഞങ്ങൾ പ്രളയമാണ് - യുദ്ധം അടുത്ത ദിവസം.'** ഞങ്ങൾ പ്രളയമാണ് എന്നത് കോഡ് നാമമായ 'അൽ അക്സ പ്രളയവു'മായി ബന്ധപ്പെട്ടിരിക്കുന്നു. അധിനിവേശത്തിന്റെ സൂചനാ നാമമാണ് പ്രളയം. യെരൂശലേമിലെ ദൈവാലയ മലയിലെ മുസ്ലീം പള്ളി ആണ് അൽ അക്സ. മുസ്ലിങ്ങൾ അതിന്റെ മേൽ പൂർണ്ണ അവകാശം ഉന്നയിക്കുന്നു. യിസ്രായേലിനെ യെരൂശലേമിൽ നിന്നും മുഴുവൻ യിസ്രായേൽ ദേശത്തിൽ നിന്നും പുറത്താക്കുക എന്ന അന്തിമ ലക്ഷ്യത്തോടെ നടത്തിയ ഒരു അധിനിവേശമാണ് അതെന്ന് അർത്ഥമാക്കുന്നു. 'യുദ്ധം അടുത്ത ദിവസം' എന്നത് അർത്ഥമാക്കുന്നത് ആ ദിവസം നടന്ന കൂട്ടക്കൊലയിൽ ഹമാസ് അഭിമാനിക്കുന്നുവെന്നും യിസ്രായേൽ പരാജയപ്പെടുന്നതുവരെ യുദ്ധം തുടരാൻ അവർ ആഗ്രഹിക്കുന്നുവെന്നുമാണ്.

ഒരു സൈനിക ശക്തി എന്ന നിലയിൽ ഹമാസിന്റെ പൂർണ്ണമായ നിരായുധീകരണവും നീക്കം ചെയ്യലും എന്തുകൊണ്ടാണ് യിസ്രായേൽ ആഗ്രഹിക്കുന്നതെന്ന് ഈ പ്രസ്താവന നമ്മോടു പറയുന്നു. കൂടാതെ അത് ഒരു സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. സംഘർഷത്തിന്റെ ഏത് വശമാണ് നിങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന് പ്രശ്നമല്ല, പ്രവചനത്തിലെ 'ഭാരമുള്ള കല്ലാണ്' യെരൂശലേം എന്ന സത്യത്തിലേക്ക് അതും വിരൽ ചൂണ്ടുന്നു (സെഖ. 12:1-3).

ഈ യുഗത്തിന്റെ അന്ത്യനാളുകളിൽ യെരൂശലേമിന്റെ നില ലോകത്തിന്റെ ശ്രദ്ധാ കേന്ദ്രം ആയിത്തീരുമെന്നും, അത് ഒരു അന്തിമ യുദ്ധത്തിന് കാരണമായിത്തീരുമെന്നും അത്രേ. എന്നാൽ മശിഹായുടെ മടങ്ങി വരവിൽ ദൈവാലയം പുനഃസ്ഥാപിക്കപ്പെടുമെന്നും, യെരൂശലേമിൽ നിന്ന് മശിഹാ വാഴ്ചനടക്കുമെന്നും ബൈബിൾ പ്രവചനങ്ങളിൽ വായിക്കുന്നു (സെഖ. 12-14).

## ബ്രിട്ടനിൽ റംസാൻ ആചരണം

യുകെയിൽ ക്രൈസ്തവ വിശ്വാസത്തിന് കൊടുക്കുന്നതിനേക്കാൾ വലിയ ആദരവ് സർക്കാർ ഇസ്ലാമിന് കൊടുക്കുന്നു. ബ്രിട്ടനിലെ മത ജീവിതത്തിന്റെ പ്രധാന ഭാഗമായി ഈ വർഷം റംസാൻ ആഘോഷിക്കപ്പെടുന്നു. നഗരങ്ങളിലെ പൊതു സ്ഥലങ്ങളിൽ റംസാൻ ആശംസകളും അള്ളാഹുവിൽ വിശ്വസിക്കുക തുടങ്ങി പോസ്റ്ററുകളും നിറഞ്ഞിരിക്കുന്നു. നോമ്പ് തുറക്കുമ്പോൾ കഴിക്കുന്ന ഭക്ഷണമായ ഇഫ്താർ വിരുന്നുകൾ, ചാൾസിന്റെ ക്ഷണപ്രകാരം വിൻസറിലെ, സെന്റ് ജോർജ് ചാപ്പൽ, പ്രധാനമന്ത്രി കീർ സ്റ്റാർമറിന്റെ ക്ഷണപ്രകാരം വെസ്റ്റ് മിനിസ്റ്റർ ഹാൾ ഉൾപ്പെടെയുള്ള ദേശത്തിന്റെ പ്രമുഖ സ്ഥാനങ്ങളിൽ സംഘടിപ്പിക്കപ്പെടുന്നു. ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലങ്ങൾ ആണവ. കൂടാതെ, ക്രിസ്തീയ പാരമ്പര്യവുമായി ദീർഘകാലത്തെ ബന്ധം ഈ സ്ഥലങ്ങൾക്കുണ്ട്. അവിടെ നടക്കുന്ന ഇഫ്താറുകളെ മത സൗഹാർദ്ദം ഉറപ്പാക്കാനുള്ള മാർഗ്ഗമായി കാണുന്നു. വിവിധ വിശ്വാസങ്ങളുള്ള ജനങ്ങളെ നമ്മുടെ ബഹു സംസ്കാരം ആഘോഷിക്കാൻ ഒരുമിച്ചു കൊണ്ടുവരാനുള്ള മാർഗ്ഗമായി ഈ ആഘോഷങ്ങളെ കാണുന്നു. വ്യവസ്ഥാപിത സഭയും രാജാവും പാർലമെന്റും

അതിന് അംഗീകാരം നൽകുന്നു.

ബ്രിട്ടന്റെ അധികാര സ്ഥാനങ്ങളിൽ ക്രൈസ്തവ വിശ്വാസത്തിന് മേൽ ഇസ്ലാമിന് മേൽക്കൈ വന്നെന്നുള്ള ഉറപ്പായി മുസ്ലിങ്ങൾ ഇതിനെ കാണുന്നു.

തീവ്ര ഇസ്ലാം വീക്ഷണത്തിൽ, തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് പാശ്ചാത്യ സമൂഹത്തെ കീഴ്പ്പെടുത്തുന്നതിന്റെ ഒരു അടയാളം കൂടിയാണ് അത്. ഒരു ദിവസം എല്ലാ യെഹൂദരെയും ക്രൈസ്തവരെയും രണ്ടാംകിട പൗരന്മാരാക്കി മാറ്റാനുള്ള അവരുടെ ആഗ്രഹവും അത് അടയാളപ്പെടുത്തുന്നു. ആർക്കും അവരെ വിമർശിക്കാനോ യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് അവരെ നയിക്കാനോ അനുവാദമില്ല.

അതേ സമയം, അടുത്ത കാലത്ത് ഇസ്ലാമിക സർക്കാർ ഭരണം ഏറ്റെടുത്ത സിറിയയിൽ 1200 ക്രൈസ്തവരെ കൂട്ടക്കൊല ചെയ്ത വാർത്തയുടെ വിശദാംശങ്ങൾ പുറത്തു വന്നിട്ടുണ്ട്. 'പള്ളികൾ തീയ്ക്ക് ഇരയാക്കി. കുടുംബങ്ങൾ ഛിന്നഭിന്നമായി. മുഴുവൻ സമൂഹവും ചിന്നിച്ചിതറി അല്ലെങ്കിൽ നഷ്ടപ്പെട്ടു. എന്നിരുന്നാലും, ഈ കൊടിയ നാശത്തിന്റെ മുന്നിൽ, ക്രിസ്തുവിൽ ഉള്ള പ്രത്യാശ അവർ മുറുകെ പിടിക്കുന്നു. പുറത്തു വിടാൻ കഴിയാത്ത ഞെട്ടിക്കുന്ന ചിത്രങ്ങൾ പ്രചരിക്കുന്നുണ്ട്. ക്രൈസ്തവരെ തെരുവിൽ കൊല ചെയ്യുന്നു, മൃഗങ്ങളെപ്പോലെ മുട്ടിന്മേൽ, കൈകളിൽ ഇഴയാൻ നിർബന്ധിക്കപ്പെടുന്നു. സഭകൾ അശുദ്ധമാക്കുന്നു, കുരിശുകൾ നശിപ്പിക്കുന്നു, പുരോഹിതർ കൊല്ലപ്പെടുന്നു, കുടുംബങ്ങൾ അവരുടെ വീടുകളിൽ നിന്ന് ഭീകരമായി കുടിയിറക്കപ്പെടുന്നു. ഇത് വംശഹത്യയിൽ കുറഞ്ഞതൊന്നുമല്ല.

## വലിയ വരൾച്ച: എങ്ങനെയാണ് ഒരു വരണ്ട ഗ്രഹം ക്ഷാമത്തിലേക്ക് നീങ്ങുന്നത് എന്ന്

നമ്മുടെ ഗ്രഹത്തിന്റെ കരയുടെ നാലിൽ മൂന്നു ഭാഗവും വരണ്ടുകൊണ്ടിരിക്കുകയാണെന്ന് നിങ്ങൾക്ക് അറിയാമോ? ലോകമെമ്പാടും വനനശീകരണം നടക്കുന്നു. പച്ചപ്പ് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മണ്ണിന്റെ ഗുണം കുറഞ്ഞുകൊണ്ടിരിക്കുന്നു. അതേസമയം സർക്കാരുകൾ കാലാവസ്ഥയെ തകിടം മറിക്കുന്ന കാര്യങ്ങൾ ചെയ്യുന്നു. അവർ രഹസ്യമായി എല്ലാ തരത്തിലുമുള്ള ഭൗമ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

അതിന്റെ ഫലമായി, അനതിസാധാരണമായ പ്രതിസന്ധി നമ്മുടെ മുന്നിലുണ്ട്. ഏതാണ്ട് ആഫ്രിക്കയുടെ പകുതി ജനസംഖ്യയും വരണ്ട പ്രദേശങ്ങളിൽ ജീവിക്കുന്നു. അന്തമില്ലാത്ത ക്ഷാമങ്ങൾ ആഫ്രിക്കയെ ബാധിക്കുന്നു. നിർഭാഗ്യവശാൽ, ലോകത്തിന്റെ ബാക്കി പ്രദേശങ്ങളും അതേ ദിശയിലേക്കാണ് പോകുന്നത്. പ്രത്യേകിച്ച്, യൂറോപ്പും ബ്രസീലും അമേരിക്കയുടെ പടിഞ്ഞാറേ ഭാഗവും ഭീതിപ്പെടുത്തുന്ന രീതിയിൽ വരണ്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ സാഹചര്യം തുടരുകയാണെങ്കിൽ, ആഗോള ക്ഷാമം അനിവാര്യം തന്നെ.

മരുഭൂവൽക്കരണത്തിനെതിരെ പോരാടുന്ന ഐക്യരാഷ്ട്ര സമ്മേളനം (UNCCD) പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം, ഇപ്പോൾ ഭൂമിയുടെ ഉപരിതലത്തിലെ 77.6% കരയും, മുപ്പത് വർഷം മുൻപ് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ വരണ്ടിരിക്കുന്നു. ഇന്ത്യയേക്കാൾ വലിപ്പമുള്ള വരണ്ട പ്രദേശങ്ങൾ ഭൂമിയുടെ 40.6% പ്രദേശത്തേക്ക് ഇപ്പോൾ കൂടുതലായി വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യം തുടരുകയാ

ണെങ്കിൽ, ഈ നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കും 500 കോടി ജനങ്ങൾ വരണ്ട പ്രദേശത്ത് ജീവിക്കേണ്ടിവരും – മണ്ണൊലിപ്പും, ജല സ്രോതസ്സുകളുടെ വരൾച്ചയും പ്രധാനപ്പെട്ട ആവാസവ്യവസ്ഥയുടെ തകർച്ചയും ഉണ്ടാകുമെന്ന് ഈ റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. ഉപരിതലം വരളുമ്പോൾ തീർത്തും ഭീകരമായ ഒരു കൂട്ടം അനന്തര ഫലങ്ങൾ ഉണ്ടാകുന്നു; പ്രതിശീർഷ വരുമാന തകർച്ച, നിർബന്ധിത കുടിയേറ്റം, പൊടിക്കാറ്റുമൂലം ആയുസ്സ് കുറയുന്ന അവസ്ഥ, കാട്ടുതീ പ്രശ്നം ഗുരുതരമാവുന്നത്, മണ്ണൊലിപ്പ്, സസ്യജാലത്തിന്റെ നാശം, വെള്ളത്തിലും മണ്ണിലും മറ്റും ഉപ്പിന്റെ അംശം വർദ്ധിക്കുന്നതു തുടങ്ങിയവ.

'ആദ്യമായി, വരൾച്ചാ പ്രതിസന്ധിയെപ്പറ്റി ശാസ്ത്രീയ വ്യക്തതയോടെ രേഖപ്പെടുത്തിയിരിക്കുന്നു. അസ്തിത്വപരമായ ഭീഷണി ഭൂഗോളത്തിലെമ്പാടുമുള്ള ശത കോടിക്കണക്കിന് ജനങ്ങളെ ബാധിക്കുമെന്ന് ഇത് വെളിപ്പെടുത്തുന്നു,' മരുഭൂവൽക്കരണ സംഘടനയുടെ എക്സിക്യൂട്ടീവ് സെക്രട്ടറി ഇബ്രാഹിം തിയവ് പറഞ്ഞു. 'ഒരു പ്രദേശത്തിലെ കാലാവസ്ഥ കൂടുതൽ വരളുമ്പോൾ, മുൻപുണ്ടായിരുന്ന അവസ്ഥയിലേക്ക് വരാനുള്ള അതിന്റെ പ്രാപ്തി നഷ്ടപ്പെടുന്നു.'

ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ ഏകദേശം 500 കോടി ജനങ്ങൾ വരണ്ട പ്രദേശത്ത് ജീവിക്കുന്നുണ്ടാകുമെന്ന് അവർ നമ്മോട് പറയുന്നു. എന്നാൽ, നാം ഒരിക്കലും ആ സ്ഥാനത്ത് എത്താൻ സാധ്യതയില്ല.

മോശമായ കൃഷി രീതികൾ പ്രശ്നം വഷളാക്കുന്നു. വടക്കു കിഴക്കൻ ബ്രസീലിലെ കൊക്കോ ഉത്പാദന പ്രദേശങ്ങളിൽ, കൃഷിയ്ക്കുവേണ്ടി വനനശീകരണം നടത്തുന്നത് പ്രാദേശിക ജലചക്രങ്ങളെ അവതാളത്തിലാക്കുകയും മണ്ണിന്റെ ശോഷണത്തിന് കാരണമാവുകയും ചെയ്യുന്നു. മണ്ണിനെ തടയാൻ സസ്യജാലങ്ങൾ ഇല്ലെങ്കിൽ, സസ്യവളർച്ചയ്ക്ക് അത്യാവശ്യമായ മേൽമണ്ണ്, മഴ പെയ്യുമ്പോൾ ഒലിച്ചുപോകുന്നു അല്ലെങ്കിൽ കാറ്റ് അടിച്ച് പറത്തികളയുന്നു, മണ്ണിലെ പ്രധാനപ്പെട്ട പോഷകങ്ങൾ ഇങ്ങനെ നഷ്ടപ്പെടുന്നു. ഈ മാറ്റങ്ങൾ ഒരു ദുഷിച്ച ചക്രം സൃഷ്ടിക്കുന്നു: പോഷണം നഷ്ടപ്പെട്ട മണ്ണ് വളരെ കുറച്ചു ജലാംശം മാത്രമേ നിലനിർത്തുന്നുള്ളൂ. അത് കൂടുതൽ മണ്ണൊലിപ്പിന് കാരണമാകുന്നു. മണ്ണിന്റെ ഗുണം വീണ്ടെടുക്കാനുള്ള അതിന്റെ പ്രാപ്തി നഷ്ടപ്പെടുന്നു.

ദശലക്ഷക്കണക്കിന് വൃക്ഷങ്ങൾ വെട്ടിമുറിക്കുന്നത് വലിയ വിഡ്ഢിത്തമാണ്. നിങ്ങൾ ദശലക്ഷക്കണക്കിന് വൃക്ഷങ്ങൾ വെട്ടിമുറിക്കുമ്പോൾ ഭൂമി വരളുന്നു. വിലപ്പെട്ട മേൽമണ്ണ് നഷ്ടപ്പെടുന്നതിലേക്ക് അത് നയിക്കുന്നു. ഒരു വിദഗ്ദന്റെ അഭിപ്രായപ്രകാരം, 'പട്ടിണിയും കുടിയിറക്കവും സാമ്പത്തിക തകർച്ചയും നടമാടുന്ന ഒരു ഭാവിയെയാണ് ശതകോടികൾ നേരിടേണ്ടിവരുന്നത്. 'വരൾച്ചാ പ്രതിസന്ധി നമുക്ക് പരിഹരിക്കാൻ കഴിഞ്ഞാൽ പോലും, നാം ആഗോള ക്ഷാമം അഭിമുഖീകരിക്കും. നമ്മുടെ മണ്ണിലെ പോഷകങ്ങളുടെ നഷ്ടം, പരാഗണകാരികളെ കൊല്ലുന്നതും, നാം ഭക്ഷണം വിളയിക്കുന്ന ഭൗമോപരിതലത്തിൽ അടിഞ്ഞു കൂടുന്ന സഹസ്രകോടി പ്ലാസ്റ്റിക് കണങ്ങൾ എന്നിവ ആഗോള ക്ഷാമത്തിന്റെ കാരണങ്ങളാണ്.

അതേസമയം, ഭൂമി തുടർന്നും കൂടുതലായി അസ്ഥിരമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ ഗ്രഹത്തിന്റെ അകക്കാമ്പിന്റെ രൂപം യഥാർത്ഥത്തിൽ മാറിക്കൊണ്ടിരിക്കുകയാണെന്ന് ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. ഭൂമിയുടെ അക

ക്കാമ്പ് തിരിഞ്ഞു കറങ്ങുകയാണെന്ന് ശാസ്ത്രജ്ഞന്മാർ മാസങ്ങൾക്ക് മുൻപ് സ്ഥിരീകരിച്ചു - നമ്മുടെ ഗ്രഹത്തിന്റെ ഗഹനമായ രഹസ്യങ്ങളെപ്പറ്റി അത് ഒരു പുതിയ വെളിപ്പാടാണത് - അവർ അകക്കാമ്പിന്റെ മാറ്റങ്ങൾ തിരിച്ചറിഞ്ഞു. ഭൂമിയുടെ ഏറ്റവും ഉള്ളിലുള്ള പാളി ചൂടുള്ള ഖരാവസ്ഥയിലുള്ള ഒരു ലോഹ ഗോളമാണ്. ദ്രവരൂപത്തിലുള്ള ലോഹത്തിന്റെ പുറത്തെ കാമ്പാണ് അതിനെ ചുറ്റിയിരിക്കുന്നത്. ഭൂമിയുടെ ഖരാവസ്ഥയിലുള്ള അകക്കാമ്പ്, അത് കറങ്ങുന്നത് കൊണ്ട് രൂപം മാറ്റം സംഭവിച്ചെന്ന് ദശകങ്ങളായി ഗ്രഹ ശാസ്ത്രജ്ഞന്മാർ സംശയിച്ചിരുന്നു. അകക്കാമ്പിന്റെ രൂപത്തിൽ കഴിഞ്ഞ 20 വർഷങ്ങളായി മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണെന്നതിന് ആദ്യത്തെ തെളിവ് ഇപ്പോൾ ഗവേഷകർ കണ്ടെത്തിയിരിക്കുന്നു. അകക്കാമ്പിന്റെ രൂപമാറ്റത്തിന്റെ ലക്ഷണങ്ങൾ ഭൂകമ്പങ്ങളിൽ നിന്നുള്ള തരംഗത്തിൽ പ്രത്യക്ഷമായി. ഭൂമിയുടെ കേന്ദ്രത്തിൽ എത്താൻ പാകത്തിൽ അത് ശക്തമാണ്.

അകക്കാമ്പിന്റെ കറക്കത്തെപ്പറ്റിയുള്ള ദീർഘകാല തർക്കം പരിഹരിക്കാൻ വേണ്ടി 2024 - ൽ നടന്ന ഒരു ഗവേഷണത്തിനു വേണ്ടി അന്വേഷക സംഘം മേൽപ്പറഞ്ഞ ഭൂകമ്പ വിവരങ്ങൾ ഉപയോഗിച്ചു. അകക്കാമ്പ് ഒരിക്കൽ ഭൂമിയേക്കാൾ വേഗത്തിൽ കറങ്ങിയിരുന്നുവെന്ന് അവർ കണ്ടെത്തി. എന്നാൽ, 2010 - ന്റെ തുടക്കം മുതൽ, ഖരാവസ്ഥയിലുള്ള അകക്കാമ്പിന്റെ കറക്കത്തിന്റെ വേഗത കുറഞ്ഞു. അത് ഇപ്പോൾ തിരിഞ്ഞുകറങ്ങുന്നു, ഗ്രഹത്തിന്റെ മറ്റു ഭാഗങ്ങളുമായി അത് ആപേക്ഷികമാണ്.

ഭൂമിയുടെ അകക്കാമ്പിന്റെ വേഗത നാടകീയമായി കുറഞ്ഞതും അതിപ്പോൾ തിരിഞ്ഞു കറങ്ങുന്നതും മൂലം നാം ആശങ്കപ്പെടണമോ? യഥാർത്ഥത്തിൽ ആർക്കും അറിയില്ല. എന്നാൽ, വളരെ അസാധാരണമായ നിരവധി ഭൂകമ്പ വിഷയകമായ പ്രവർത്തനങ്ങൾക്ക് നാം സാക്ഷിയാവുന്നു.

ജനുവരിയിൽ ഏഴു ദിവസത്തെ കാലയളവിനുള്ളിൽ കാലിഫോർണിയ, നെവേഡ പ്രദേശങ്ങളിൽ 900-ൽ അധികം ഭൂകമ്പങ്ങൾ ഉണ്ടായി. ഈ ഭൂകമ്പങ്ങൾ 'സാൻ ആൻഡ്രിയാസ് ഫോൾട്ടിൽ (ഭൂമിയുടെ പുറം തോടിലെ വിള്ളൽ) ഗൗരവമായ ഭൂകമ്പ വിഷയകമായ അപകട ഭയം ജനിപ്പിക്കുന്നു 'സാൻ ആൻഡ്രിയാസ് ഫോൾട്ട് 'പെട്ടെന്നു വിണ്ടുകീറുകയാണെങ്കിൽ' സാൻ ആൻഡ്രിയാസ് ഫോൾട്ടിന്റെ പടിഞ്ഞാറെ വശം നിരവധി അടി താഴോട്ട് ഇടിച്ചിറക്കാൻ പാകത്തിൽ അതിശക്തമായ ഒരു ഭൂകമ്പം ഉണ്ടാവും. തെക്കൻ കാലിഫോർണിയയുടെ മിക്കവാറും പ്രദേശങ്ങൾ സമുദ്ര നിരപ്പിൽ നിന്ന് അല്പം ഉയരത്തിൽ മാത്രമാണ് സ്ഥിതി ചെയ്യുന്നത്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ ശാന്ത സമുദ്രത്തിൽ നിന്നുള്ള ജലം ആ പ്രദേശങ്ങളിലേക്ക് ഇരച്ചു കയറും.

നാം യഥാർത്ഥത്തിൽ അന്ത്യകാലത്താണ് ജീവിക്കുന്നത്, ചിലയാളുകൾ ഈ വസ്തുതകൾ എത്ര കഠിനമായി അവഗണിക്കാൻ ശ്രമിച്ചാലും അതിനൊന്നും മാറ്റം വരാൻ പോകുന്നില്ല.

(ഈ വിവരങ്ങൾ 'പ്രവചന വാർത്താ നിരീക്ഷണം' എന്ന പത്രികയിൽ മൈക്കിൾ സൈനഡർ എഴുതിയിരുന്ന വിവരണമാണ്.)

## നിർമ്മിത ബുദ്ധി ബൈബിൾ പരിഭാഷയെ സഹായിക്കുന്നു.

നിർമ്മിത ബുദ്ധിയുടെ ഇരുണ്ട വശങ്ങൾ ഈ മാസികയിൽ നിരവധി തവണ ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ, നിർമ്മിത ബുദ്ധി ബൈബിൾ പരിഭാഷ വേഗത്തിലാക്കുന്നുവെന്ന്

വൈക്ലിഫ് ബൈബിൾ ട്രാൻസ്ലേറ്റേഴ്സ് റിപ്പോർട്ട് ചെയ്യുന്നു. എന്നത്തെക്കാൾ ഉപരി ജനങ്ങൾക്ക് ദൈവവചനം ലഭിക്കുമെന്ന് അത് ഉറപ്പു തരുന്നു.

പതിറ്റാണ്ടുകൾ കൊണ്ട് നേടിയെടുക്കാൻ കഴിഞ്ഞിരുന്ന കാര്യങ്ങൾ ഇപ്പോൾ ഏതാനും വർഷങ്ങൾ കൊണ്ട് സംഭവിക്കുന്നു, മാസങ്ങൾക്കുള്ളിൽപ്പോലും അത് നടക്കുന്നു. ഈ വലിയ പുരോഗതി കേവലം സാങ്കേതിക വിദ്യയുടെ വിജയമല്ല, ക്രിസ്തുവിന്റെ മടങ്ങിവരവിന് മുൻപ് സകല ജാതികളിലും സുവിശേഷം എത്തുമെന്ന ബൈബിൾ പ്രവചനത്തിന്റെ ഉദാത്തമായ പൂർത്തീകരണമാണ് അത്.

ബൈബിൾ എല്ലാ ഭാഷകളിലും ലഭ്യമാകുമെന്ന ലക്ഷ്യത്തിലേക്ക് കാര്യമായ പുരോഗതി കൈവരിച്ചെന്ന് ഈ മേഖലയിൽ വഴിതെളിച്ച വൈക്ലിഫ് ബൈബിൾ ട്രാൻസ്ലേറ്റർസ് റിപ്പോർട്ട് ചെയ്യുന്നു. 888 ഭാഷകളിൽ മാത്രമാണ് ബൈബിൾ ലഭ്യമാകാതിരിക്കുന്നത്. 1999 – ലെ 3000–ൽ നിന്ന് വലിയൊരു കുറവാണ് സംഭവച്ചിരിക്കുന്നത്. പ്രാദേശിക സഭകളുടെ പങ്കാളിത്തവും നിർമ്മിത ബുദ്ധിയുടെ നൂതന ഉപയോഗവും മൂലമാണ് പ്രധാനമായും ഈ പുരോഗതി കൈവരിച്ചത്.

ഏറ്റവും പരിവർത്തനാത്മകമായ നിർമ്മിത ബുദ്ധി ഉപകരണത്തിന്, ഒരു ഭാഷയിൽ പുതിയ നിയമത്തിന്റെ പരിഭാഷ ഉണ്ടെങ്കിൽ, പഴയ നിയമത്തിന്റെ പരിഭാഷ ഏതാനും ദിവസങ്ങൾക്കുള്ളിൽ തയ്യാറാക്കാൻ കഴിയും. നിർമ്മിത ബുദ്ധിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു പരിപാടി, നേരത്തെ എഴുത്ത് ലിപിയില്ലാത്ത ഭാഷകളിൽ എഴുത്തു രൂപങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്നു. തിരുവെഴുത്തുകൾ ഒരിക്കലും ലഭ്യമല്ലാതിരുന്ന സ്ഥലങ്ങളിലെ ബൈബിൾ പരിഭാഷാ ശ്രമങ്ങൾക്ക് ഇത് വഴിയൊരുക്കും.

'ദൈവം നിർമ്മിത ബുദ്ധിയെ തന്റെ മഹത്ത്വത്തിന് വേണ്ടി ഉപയോഗിക്കുന്നു,' എന്ന് വൈക്ലിഫ് ബൈബിൾ ട്രാൻസ്ലേറ്റർസിന്റെ പ്രസിഡന്റ് ജോൺ ചെസ്റ്റ്നട്ട് പറഞ്ഞു.

ബൈബിളിന്റെ പരക്കെയുള്ള വ്യാപനം അന്ത്യകാലത്തെപ്പറ്റിയുള്ള ബൈബിൾ പ്രവചനങ്ങളുമായി തീർത്തും ഒത്തുപോകുന്നു. യേശു ഒലിവു മല പ്രഭാഷണത്തിൽ പ്രസ്താവിച്ചു, 'രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.' 'ജാതികൾ' എന്ന വാക്ക് ഈ പശ്ചാത്തലത്തിൽ ഓരോ വംശത്തെയും കുറിക്കുന്നു. ക്രിസ്തുവിന്റെ മടങ്ങിവരവിനു മുൻപ് സുവിശേഷം എല്ലാ ജനങ്ങൾക്കും ലഭ്യമാകണം.

***'രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും'*** (മത്താ. 24:14).


ലോകത്തിന്റെ ഒരേയൊരു പ്രത്യാശയാണ് ഈ സന്ദേശം. അനുതാപത്തിലും വിശ്വാസത്തിലും യേശുവിലേക്ക് തിരിയുന്നതിലൂടെ വിശ്വസിക്കാനുള്ള സമയം ഇതാണ്.*

## സൗജന്യ ലഘുലേഖകൾ

ഇംഗ്ലീഷ് ഉൾപ്പെടെ 15 ഇന്ത്യൻ ഭാഷകളിൽ ലഘുലേഖകൾ ലഭ്യമാണ്. ലഘുലേഖകൾ ആവശ്യമുള്ളവർ 9207976381, 9447976381 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# അന്തിമ വാക്ക്





**ഈ** മാസികയിൽ അമേരിക്കയെപ്പറ്റിയുള്ള ഞങ്ങളുടെ ലേഖനത്തിൽ, ഡേവിഡ് വിൽക്കേഴ്സണിന്റെ 'അമേരിക്കയ്ക്ക് അന്തിമ വിളി' എന്ന പുസ്തകത്തിൽ നിന്ന് ഞാൻ ഉദ്ധരിച്ചിരുന്നു, 'ന്യൂയോർക്ക് നഗരത്തിലെ ഒരു ദിനപത്രത്തിലെ ഹാസ്യ ചിത്രത്തിൽ ടൈറ്റാനിക്ക് തുറമുഖം വിട്ടുപോകുന്നത് കാണിക്കുന്നു. കപ്പലിന്റെ പേര് 'അമേരിക്കൻ സാമ്പത്തിക വ്യവസ്ഥ' എന്ന് മാറ്റിയിട്ടുണ്ട്. അതിന്റെ തലക്കെട്ട് ഇങ്ങനെ പോകുന്നു: 'ദൈവത്തിന് പോലും ഈ കപ്പലിനെ മുക്കാൻ കഴിയില്ല'.

വിരോധാഭാസം എന്താണെന്നുവച്ചാൽ, ടൈറ്റാനിക് അതിന്റ കന്നിയാത്രയിൽ തന്നെ മുങ്ങി. ഏകദേശം 1500 യാത്രക്കാരും കപ്പൽ ജീവനക്കാരും ചരിത്രത്തിലെ ഏറ്റവും ഭീകരമായ ആ അപകടത്തിൽ മരിച്ചു.

ഇന്നത്തെ മുഴുവൻ ലോക സംവിധാനങ്ങളും തകർന്നടിഞ്ഞ ആ കപ്പൽ പോലെയാണ്. അതിന്റെ സ്ഥാനത്തിലും സമ്പത്തിലും ആശ്രയിച്ചുകൊണ്ട് ദുരന്തത്തിന്റെ ദിശയിലേക്ക് പോകുന്നു.

മ്ലാനതയും നാശവും ഒക്കെ ഉണ്ടെങ്കിലും ദൈവത്തിലേക്ക് തിരിയുന്നവരുടെ ഭാവിക്ക് വേണ്ടി ഒരു വലിയ പ്രത്യാശ അവശേഷിച്ചിട്ടുണ്ട്. ഇപ്പോൾ യേശുവിൽ ആശ്രയിക്കുന്ന എല്ലാവരെയും രക്ഷിക്കാൻ യേശു മടങ്ങിവരുന്നു. ആ സംഭവത്തിനു വേണ്ടി ഒരുങ്ങാൻ (അല്ലെങ്കിൽ നിങ്ങളുടെ മരണത്തിന്റെ നിമിഷം), നിങ്ങൾ അനുതപിച്ച് യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിച്ച്, മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റെന്ന സുവിശേഷത്തിൽ വിശ്വസിക്കണം.

***'എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു. താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു'*** (അപ്പൊ. 17:30–31).

ഇതിനു വേണ്ടി നിങ്ങൾ:

- നിങ്ങൾ പാപത്തിൽ നിന്ന് തിരിഞ്ഞ് (അനുതപിക്കുമ്പോൾ), നിങ്ങൾക്ക് വേണ്ടി മരിച്ച് അടക്കപ്പെട്ട്, മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ യേശു മശിഹായിൽ വിശ്വസിച്ച് നിങ്ങളെ രക്ഷിക്കാൻ ദൈവത്തോട് അപേക്ഷിക്കുക.
- പ്രാർത്ഥനയിലൂടെ പരിശുദ്ധാത്മാവിനാൽ നിങ്ങളുടെ ജീവിതത്തിലേക്ക് യേശുവിനെ ക്ഷണിക്കുക. യേശുവിനെ നിങ്ങളുടെ കർത്താവും രക്ഷകനും ആക്കുക.
- യേശുവിനെ ജീവിതത്തിലേക്ക് സ്വീകരിക്കാൻ ചൊല്ലേണ്ട പ്രാർത്ഥനയ്ക്കായി മറുപുറം കാണുക. ഇത് ചെയ്യാൻ നിങ്ങൾക്ക് സഹായം ആവശ്യമുണ്ടെങ്കിൽ ഞങ്ങളുമായി ബന്ധപ്പെടുക. നിങ്ങളുടെ കൈവശം ബൈബിൾ ഇല്ലെങ്കിൽ, ഞങ്ങൾ ഒരു കോപ്പി അയച്ചു തരാം.*

# ഉപസംഹാരം



ഞങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായേക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്. അപ്രകാരം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

"പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാനൊരു പാപിയാണ് എന്നും എനിക്ക് അങ്ങയുടെ പാപ ക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. എനിക്കുവേണ്ടി യേശുമശിഹാ മരിച്ചുവെന്നും എന്റെ പാപമോചനത്തിനായി രക്തം ചിന്തിയെന്നും, ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാനിപ്പോൾ എന്റെ പാപവഴികളെ ഉപേക്ഷിച്ച്, യേശുമശിഹയെ എന്റെ സ്വന്തരക്ഷിതാവും ദൈവവുമായി അംഗീകരിക്കുന്നു. എന്റെ ജീവിതത്തിലേക്കു അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നും ഞാനപേക്ഷിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തിയായി ജീവിപ്പാൻ എന്നെ സഹായിക്കേണമേ.

പിതാവേ എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു.

യേശുവിന്റെ നാമത്തിൽ, ആമേൻ."


കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507

ഫോൺ: 0479–2412459 / 9207976381 / 9447976381

E-mail : hopemsn@hopemsn.org



സ്വകാര്യ വിതരണത്തിന് മാത്രം.